
സദ്ഗുണങ്ങളുടെ ഇടയിൽ ദയയുടെ സ്ഥാനം ഏറ്റവും മുമ്പിലാണ്.... ദയ ലോകത്തിലെ എല്ലാ മതങ്ങളുടേയും അടിസ്ഥാനപാഠമാണ്... ദയ ഇല്ലാത്തിടത്ത് വിനയമില്ല... ദയ മനുഷ്യരുടെ ഏറ്റവും മൃദുലമായ വികാരമാണ്.

മഹാത്മാ ഗാന്ധിജി




കരുണ.... ദയ... അനുകമ്പ.... കൃപ... അലിവ്.... ആർദ്രത.... സഹതാപം....മനസ്സലിവ്.... സഹാനുഭൂതി.... സൗമ്യത..... ഔദാര്യം... പ്രസന്നത.... അനുഗ്രഹം.... സൗശീല്യം.... അൻപ്, കാരുണ്യം.... ഘൃണ... ഉദാരത.... ത്യാഗം.

ഇവ വേണം നിത്യം



കരുണയുടെ വിശുദ്ധ വർഷമായി ഡിസംബ് 8, 2015 – നവംബർ 20, 2016 ആചരിക്കുവാനാണ് കരുണാനിധി ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനം

ആർത്തരും ആലംബഹീനരുമായ ജനങ്ങളെകണ്ട് ഈശോയിക്കു അനുകമ്പതോന്നി. (മത്താ. 9:36). ഈ ജനാവലിയോട് എനിക്കു കാരുണ്യം തോന്നുന്നു (മത്താ. 15:32). നിങ്ങളുടെ പിതാവ് കാരുണ്യവാനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്കാ. 6:36). ഞാൻ ബലിയല്ല, കാരുണ്യമാണ് ആഗ്രഹിക്കുന്നത് (മത്താ. 9:13). ഇതു വായിക്കുന്നയാൾ എന്താണ് ആഗ്രഹിക്കുന്നത് ഈ വർഷം.

a booklet *Printed at: Seraphic Press Bharananganam Ph: 04822 - 236487, 237474*
Published by - Capuchin Provincialate. S.H. Mount. Kottayam - 686 006
For Private Circulation only

CAPUCHINS
ST. JOSEPH PROVINCE





# കരുണാവർഷം





# പ്രൊവിൻഷ്യലച്ചന്റെ സന്ദേശം

ക്രിസ്തുവിന്റെ പിറവിത്തിരുനാളുമായി ബന്ധപ്പെട്ട ചില ചിന്തകൾ നിങ്ങളുമായി പങ്കുവെയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഒരു പിടി വ്യക്തിത്വങ്ങളെ ക്രിസ്തുമസുമായി ബന്ധപ്പെട്ടു നാം കാണുന്നുണ്ട്. ദൈവദൂതന്റെ അറിയിപ്പു ലഭിച്ചപ്പോൾ സംശയിക്കുന്ന സഖറിയായെ നമുക്കൊന്നു കാണാം. താൻ പ്രാർത്ഥിച്ച കാര്യങ്ങൾ മറന്നുപോയവനാണ് സഖറിയാ. ദൂതൻ മംഗളവാർത്ത കൊടുത്തപ്പോൾ അതിനെ അദ്ദേഹം സംശയിച്ചു. ഒരാൾ പ്രാർത്ഥിക്കുന്ന കാര്യങ്ങൾ അദ്ദേഹം മറന്നാലും പ്രാർത്ഥന കേട്ട ദൈവം ഒരിക്കലും അതു മറക്കില്ല. കാലതാമസം വന്നാലും പ്രാർത്ഥനയ്ക്ക് ഒരു ദിവസം ഉത്തരം ലഭിക്കുമെന്ന് സഖറിയായുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. സ്നാപകയോഹന്നാനെ നാം ധ്യാനവിഷയമാക്കുമ്പോൾ മനോഹരമായ ഒരു ദർശനം നമുക്കു ലഭിക്കുന്നു. തന്നെക്കാൾ വലിയവനായി മറ്റുള്ളവരെ കാണുന്ന കാഴ്ചപ്പാടാണ് അത്. അപരന്റെ ചെരിപ്പിന്റെ വാറഴിക്കാനുള്ള യോഗ്യതപോലും തനിക്കില്ലെന്ന് അദ്ദേഹം തിരിച്ചറിയുന്നു. ഞാനാണ് മറ്റുള്ളവരെക്കാൾ മെച്ചപ്പെട്ടവനെന്ന് സ്വയം കരുതുന്ന ലോകത്തിൽ ഈ വിനയത്തിന്റെ കാഴ്ചപ്പാട് നമ്മെയും സ്വാധീനിക്കട്ടെ.

ഗബ്രിയേൽ മാലാഖയാണ് മറിയത്തിന് മംഗളവാർത്ത കൊടുത്തത്. നമ്മളൊക്കെ ജീവിതത്തിൽ ഗബ്രിയേൽ മാലാഖയെപ്പോലെയാകണം. നമ്മുടെ സംസാരങ്ങൾ മംഗളവാർത്തകളാകണം. നാം സംസാരിക്കുന്ന വാക്കുകൾ മറ്റുള്ളവരെ തളർത്തുന്നതോ, വളർത്തുന്നതോ എന്ന് ആത്മപരിശോധന ചെയ്യുവാൻ ഈ അവസരം നമ്മെ ക്ഷണിക്കുന്നു. നന്മ



കാണുവാനും നന്മ കേൾക്കുവാനും നന്മ സംസാരിക്കുവാനും നമുക്കു സാധിക്കട്ടെ. പരിശുദ്ധ അമ്മയുടെ ജീവിതമാതൃക പ്രത്യേകം ശ്രദ്ധിക്കപ്പെടുന്ന സമയമാണല്ലോ ക്രിസ്തുമസ്. "ഇതാ കർത്താവിന്റെ ദാസി" എന്നു പറഞ്ഞുകൊണ്ട് മറിയം ദൈവത്തിന് പ്രത്യുത്തരം കൊടുത്തു. ഒരിക്കൽ സമ്പൂർണ്ണ സമർപ്പണം നടത്തിയ ജീവിതത്തിൽ ബാക്കിയെല്ലാം ദൈവം നോക്കിക്കൊള്ളും എന്ന് മറിയം പഠിപ്പിക്കുന്നു. സമർപ്പിച്ചവ്യക്തിയിൽ എന്തു നടക്കണമെന്ന് സമർപ്പണം സ്വീകരിച്ചയാൾ തീരുമാനിക്കും. ഇതായിരുന്നു മറിയത്തിന്റെ ബോധ്യം. നമ്മുടെ തലയിലെ മുടിനാരുപോലും ദൈവം എണ്ണി തിട്ടപ്പെടുത്തിയിരിക്കുന്നുവെന്ന ഉറപ്പ് നമുക്കുണ്ടാവണം. നീതിമാനായ യൗസേപ്പും നമ്മുടെ ധ്യാനവിഷയമാണ്. ദൈവഹിതം നിറവേറ്റുവാൻ ഒരു കഴുതയോടൊപ്പം കയറും പിടിച്ചു നടന്നുനീങ്ങിയ യൗസേപ്പ് സ്വന്തം ഭാര്യയുടെ സൽപ്പേരിന് കളങ്കം വരാതെ സൂക്ഷിച്ചവൻ. ജീവിതത്തിന്റെ നിർണ്ണായകനിമിഷങ്ങളിൽ മനുഷ്യനോട് ആലോചന നടത്താതെ ദൈവത്തോട് ആലോചന നടത്തിയവൻ. എത്രയോ സുന്ദരമായ ചിന്തകളാണ് യൗസേപ്പുപിതാവ് നമുക്കു നല്കുന്നത്.

പൗരസ്ത്യ ദേശത്തെ ജ്ഞാനികളാണ് മറ്റൊരു ധ്യാനവിഷയം. നക്ഷത്രങ്ങളെക്കുറിച്ചു പഠിപ്പിച്ചവർ. അവരും പഠനത്തിന്റെ വെളിച്ചത്തിൽ നക്ഷത്രത്തെ പിൻതുടർന്നു. അറിവും പഠനവുമെല്ലാം ക്രിസ്തുവിൽ നമ്മെ എത്തിക്കും. യഥാർത്ഥ അന്വേഷകരായി ജീവിതം തുടർന്നാൽ നാം ക്രിസ്തുവിൽ എത്തും. ആട്ടിടയന്മാരും നമ്മുടെ ചിന്തയിൽ കടന്നുവരും. ഏല്പിക്കപ്പെട്ട ജോലികളോടു വിശ്വസ്തത കാണിച്ച് മുന്നേറുന്നവർ കർത്താവിന്റെ സന്നിധിയിലെത്തുന്നു. നമ്മെയൊക്കെ ദൈവം ഭരമേല്പിച്ച ദൗത്യങ്ങളുണ്ട് അവയോട് വിശ്വസ്തരായി നമുക്കും യേശുവിലെത്താം. നക്ഷത്രങ്ങൾ തിളങ്ങുന്ന കാലം കൂടിയാണിത്. ഭൂമിയെ സ്നേഹിച്ച് കൊതിതീരാത്ത നക്ഷത്രങ്ങൾ എന്നും നമ്മെ ഉറ്റുനോക്കിക്കൊണ്ടിരിക്കും. ആ നക്ഷത്രകൂട്ടങ്ങളുടെ പ്രകാശവലയത്തിൽ ഉണ്ണിയേശു നമ്മെ ഉറ്റുനോക്കുന്നു. ആ നോട്ടം ഏറ്റുവാങ്ങുവാനും യേശുവിന്റെ ചൈതന്യത്തിൽ പുതിയ വർഷത്തിലേക്കു കടക്കുവാനും നമുക്കു കഴിയട്ടെ. നവവർഷത്തിൽ പിറവിത്തിരുനാളിന്റെ സന്തോഷം നിറഞ്ഞു നിൽക്കട്ടെ. **നന്ദി** നിറഞ്ഞ ഹൃദയത്തോടെ നമുക്ക് പുതുവത്സരത്തിലേക്ക് പ്രവേശിക്കാം.

ഏവർക്കും പിറവിത്തിരുനാളിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ.

**ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ**
പ്രൊവിൻഷ്യാൾ

# A to Z തീർത്ഥയാത്ര -ഡിസംബറിലൂടെ-

ഡിസംബർ 1 മുതൽ ഓരോ ദിനത്തിനും വിചിന്തനം, തീരുമാനം. ഭക്തിയോടെ ആരംഭിച്ച് അതിവിശുദ്ധിയിൽ പുതുവത്സരത്തിൽ എത്തിക്കുന്ന തീർത്ഥയാത്ര. ആഗമനാനന്ദവും ക്രിസ്തുമസ് സന്തോഷവും പുതുവർഷ ഹർഷവും സ്വന്തമാക്കാം. "We are pilgrims here on earth" - St. Francis.

**A** for Amma അമ്മ മേരിയാണ് ദൈവകുമാരനെ സ്വീകരിക്കുന്നത്. ദൈവത്തിന്റെ രക്ഷാപദ്ധതിക്ക് അവൾ സ്വയം സമർപ്പിച്ചു. കർത്താവിന്റെ ദാസി ഇതാ, അങ്ങേ ഇഷ്ടംപോലെ എന്നിലാവട്ടെ. (ലൂക്ക. 1:38).

℞ *എന്നേപ്പറ്റിയും ദൈവത്തിന് ഒരു പദ്ധതിയുണ്ട്. അതു വിജയിക്കാൻ ഞാൻ ദൈവത്തിന്റെ ദാസൻ/സി ആകണം. ഇതാഗ്രഹിച്ച് അല്പനേരകൂടി എടുത്ത് എന്റെ ജീവിതം സമർപ്പിച്ചുകൊണ്ടിരിക്കുക, അമ്മ മേരി യുടെ അരൂപിയാൽ. Also I talk to Mary as my mother.*

**B** for Beloved. ദൈവത്തിനു പ്രിയപ്പെട്ടവളായിരുന്നു മേരി (ലൂക്കാ. 1:30). ഞാനും ദൈവത്തിനു പ്രിയപ്പെട്ടയാൾതന്നെ. ഞാനും എനിക്കുള്ളതെല്ലാം ദൈവദത്തം, ദൈവകൃപ. ഇപ്പോൾ ഇവിടെ ഈ എന്നെ ദൈവം സ്നേഹിക്കുന്നു, അറിയുന്നു, നയിക്കുന്നു, എന്നിൽ വസിക്കുന്നു. ഈ സ്നേഹവലയത്തിൽ ഞാൻ ഇപ്പോൾ ഇവിടെ കുറനേരം ദൈവസാന്നിദ്ധ്യം അനുഭവിക്കട്ടെ.

℞ *Today I go about being the bloved of God.*

**C** for Come. മത്തായി 11:28 ലെ യേശു വിളി എനിക്കുള്ള

താണ്. അദ്ധ്വാനിക്കുന്നവരും, ഭാരം വഹിക്കുന്നവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ ആശ്വസിപ്പിക്കാം. എന്റെ ജോലികളിൽ എളുപ്പമുള്ളതും പ്രയാസമുള്ളതും ഉണ്ട്. അവയ്ക്ക് മുമ്പും പിമ്പും യേശുവിനു സമർപ്പിക്കുന്ന പതിവ് എനിക്കുണ്ടാകണം. അതിശയകരങ്ങളായ അനുഭവങ്ങളായിരിക്കും ദൈവം തരിക.

℞ *For those who love God, all things work unto greater Good. Rom. 8:28.*

**D** for Divine. ദിവ്യമാണ് എന്റെ അനുനിമിഷം. "ഇതാ, ലോകാവസാനം വരെ ഞാൻ നിങ്ങളോടുകൂടെ" (മത്താ. 28:20). ഇപ്പോൾ ഇവിടെ ഈശോ. ഈ എന്റെ കൂടെ. ഈശോയുടെ കരം ഗ്രസിച്ചാവണം നിന്റെ ജീവിതയാത്ര. ഇന്ന് എല്ലാസംരംഭങ്ങൾക്കും മുമ്പ് യേശു കരങ്ങളിൽ സമർപ്പിക്കാൻ ഞാൻ മറക്കില്ല.

℞ *'Hold on to Jesus' hand wherever you go", The advice of Mother Teresas' mother to her.*

**E** for Enthusiasm. ഈ വാക്കിന്റെ മൂലം ഗ്രീക്കുഭാഷയിലെ en + theos = in God. ദൈവത്തിൽ ചെയ്യുമ്പോഴാണ് യഥാർത്ഥ തീക്ഷ്ണത. ഇതായിരുന്നു പൗലോസ് ശ്ലീഹായുടെ ജ്വലിക്കുന്ന ക്രിസ്തീയജീവിതം. "നമ്മൾ ദൈവത്തിൽ വസിക്കുന്നു, ചലിക്കുന്നു, ആയിരിക്കുന്നു (Acts 17:28),

℞ *ഇതനുഭവിച്ചുകൊണ്ട് കുറേനേരംകൂടി ഞാൻ ഇവിടെ ഇരിക്കുന്നു. The practice of the presence of God is the best devotion - Brother Lawrence.*

**F** for Forgiveness. വിധിക്കരുത്.... 7 എഴുപതു പ്രാവശ്യം ക്ഷമിക്കു. (മത്താ. 18:22) എന്ന യേശുവചനങ്ങൾ ഈ 7-ാം തീയതി എന്നെ സ്പർശിക്കട്ടെ 7 ഇരട്ടി. ഞാൻ കുറ്റം പറയുന്നയാളും മറ്റുള്ളവരെപ്പറ്റി ഉള്ളിൽ വിരോധവികാരം പേറുന്നയാളുമാണ്. അതു മാറ്റാൻ ഇതു ചെയ്യും. ആരുടെയെങ്കിലും കുറ്റം പറഞ്ഞാൽ അഥവാ

മനസ്സിൽ വിരോധം തോന്നിയാൽ എത്രയും വേഗം യേശുവിനോടു പറയും കർത്താവേ! എന്നോടു ക്ഷമിക്കണമെ, അങ്ങയുടെ ആ മകനെ / മകളെ അനുഗ്രഹിക്കേണമെ. ഇങ്ങനെ അരിശം, അനുഗ്രഹമാക്കി യേശുവഴിയെ ഞാൻ ചരിക്കുമ്പോൾ ഞാൻ ആയി യഥാർത്ഥ ക്രിസ്ത്യാനി.

℞ *Now I spend some time forgiving and blessing all the ones for whom I have a negative attitude.*

**G** for Gospel. അവതരിച്ച യേശു നൽകിയ സുവാർത്തയാണ് പുതിയനിയമത്തിലുള്ളത്, സുവിശേഷം. ഇത് സ്വന്തം സഭാനിയമമാക്കിയ വിശുദ്ധനാണ് അസീസിയിലെ ഫ്രാൻസിസ്. എന്റേയും ജീവിതപാഠപുസ്തകം സുവിശേഷമാകട്ടെ. അനുദിനം സുവിശേഷം വായിച്ച് പ്രാർത്ഥിച്ചിട്ടേ ഞാൻ ജോലികൾ തുടങ്ങൂ.

℞ *ഇന്നത്തെ എന്റെ ജീവിതം വീട്ടിലും നാട്ടിലും സുവാർത്തയാവട്ടെ.*

**H** for Humility. ഈ വാക്കിന്റെ ലത്തീൻ മൂലം Humus = പൊടിമണ്ണ് എന്നാണ്. നിലത്തു നില്ക്കണമെന്ന താഴ്മയുടെ അർത്ഥം. കാലിതൊഴുത്തിന്റെ മുമ്പിൽ മുട്ടുകുത്തുന്നവർ നിലം പറ്റും യേശു വിനയം കണ്ടും കൊണ്ടും. ഇതാഴത്തിൽ അനുഭവിച്ച വിശുദ്ധനായിരുന്നു സെന്റ് ഫ്രാൻസീസ്. ഇന്നുതുടങ്ങുന്നു ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച കരുണയുടെ ജൂബിലി വർഷം. എന്റെ തുടർ ജീവിതം കരുണാർദ്രമായിരിക്കട്ടെ.

℞ *Jesus make me meek,  humble and merciful.*

**I** for I. ഞാനാകുന്നു "I am" എന്നു തുടങ്ങുന്ന യേശുവചനങ്ങൾ എനിക്ക് അരൂപിയും ജീവനുമാകണം. ഞാൻ നല്ല ഇടയനാകുന്നു. ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. ഞാൻ ജീവന്റെ അപ്പമാകുന്നു. ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുന്തിരിയും നിങ്ങൾ ശാഖകളുമാകുന്നു

℞ *ഇപ്പോൾ ഇവിടെ എന്നോട് ഇവ ഈശോ പ്രഖ്യാ*

*പിക്കുന്നതായി കേട്ട് ഓരോന്നിനും ഞാൻ പ്രത്യുത്തരം നൽകുന്നു..... 'My God and My All" - St. Francis Assisi*

**J** for Jesus "ആകയാൽ ദൈവം അവനെ ഉയർത്തി എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു (ഫിലി. 2:9). പത്രോസ് മുടന്തനോടു പറഞ്ഞു: നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക. ഉടൻതന്നെ അവൻ ചാടി എഴുന്നേറ്റു നടന്നു (അപ്പ. പ്രവ. 3:6).

℞ *യേശുവിനെ എല്ലാമെല്ലാമായി സ്വീകരിച്ച ഞാൻ അവിടുത്തെ പലവട്ടം വിളിക്കണം. ഫോൺ വിളി കേൾക്കുമ്പോഴെ യേശു (Jesus) എന്ന് സമർപ്പിച്ചിട്ടേ ഞാൻ ഫോൺ കൈയിലെടുക്കൂ. കതക്, ജനൽ, ഗേറ്റ്, തുറക്കുമ്പോൾ എന്റെ വഴിയും വാതിലുമായ ഈശോയെ വിളിച്ചോർക്കും. ഇങ്ങനെ യേശുജീവിതമാകും എന്റേത്. I will offer to Jesus every, person before I greet her/him.*

**K** for Kindness. ദൈവത്തിന്റെ കാരുണ്യം അവതരിച്ചതാണ് പുൽക്കൂട്ടിലെ ദിവ്യഉണ്ണി. "കരുണയിൽ തിരഞ്ഞെടുക്കപ്പെട്ട" എന്ന സ്വയാവബോധമുള്ള ഫ്രാൻസിസ് പാപ്പാ 2016 കരുണയുടെ ജൂബിലിവർഷമായി പ്രഖ്യാപിച്ചിരിക്കയാണ്. ഞാൻ എന്താകുന്നുവോ അത് ദൈവകൃപയാലാണെന്ന് അഭിമാനിച്ച സെന്റ് പോളിന്റെ വിശ്വസ്തത എനിക്കുമുണ്ടാവട്ടെ.

℞ *ഇന്ന് കരുണാപൂർവ്വം ഞാൻ മറ്റുള്ളവരെ ശ്രദ്ധിക്കും. I will distribute **TLC** sweets = **T**ender **L**oving **C**are.*

**L** for Love. ദൈവം സ്നേഹമാകുന്നു, സ്നേഹത്തിൽ വസിക്കുന്നവർ ദൈവത്തിലും ദൈവം അവരിലും (1 യോഹ. 16). എന്റെ ജീവിതം സ്നേഹിക്കാൻവേണ്ടി മാത്രം: ദൈവത്തേയും ദൈവമക്കളേയും, ഇതായിരുന്നുഭരണങ്ങാനത്തെ അൽഫോൻസാമ്മയുടെ വിശുദ്ധി: "ഞാൻ സ്നേഹിക്കുകയാണ്"

℞ *ഇന്ന് സമയമെടുത്ത് വി. പൗലോസിന്റെ 1 കോറി 13 അദ്ധ്യായം സസ്നേഹം ഞാൻ വായിച്ചു ധ്യാനിക്കും. ഇന്ന് തനിച്ചോ കുടുംബസമേതമോ ഒരു അനാഥാല യത്തിലെത്തി ഭക്ഷണം നൽകി അവരോടൊപ്പം അതു കഴിച്ച് സ്നേഹസമ്പന്നമായി മടങ്ങുന്നു. To me love is an active verb and not a noun.*

**M** for Meekness. കാലിത്തൊഴുത്തിൽ പ്രശാന്തപ്രസന്ന പ്രസാദമുള്ള മൂന്നു മുഖങ്ങളാണ് ഞാൻ കാണുക. ഗർഭവതിയായ സ്വന്തം ഗോത്രത്തിൽപ്പെട്ട മേരിക്ക് ഇടംകൊടുക്കാത്ത ബന്ധുക്ക ളുടെ ധിക്കാരത്തിനുമുമ്പിൽ ജോസഫ് ശാന്തഹൃദയനായി. എല്ലാ കഷ്ടപ്പാടും ദൈവപരിപാലനയിൽ കണ്ട് പങ്കാളിയെ ആശ്വസി പ്പിച്ച മേരിയുടേത് ആഴപ്പെട്ട ഹൃദയസമാധാനമായിരുന്നു. അവളുടെ മകൻ വളർന്നുയർന്ന് ഉപദേശിക്കുന്നു; ഹൃദയശാന്തതയും വിനയ വുമുള്ള എന്നെ കണ്ടുപഠിക്കുവിൻ (മത്താ. 11:29).

℞ *ഇന്നത്തെ എല്ലാ അനുഭവങ്ങളും യേശു മേരിജോ സഫ് മാതൃകയിൽ ഞാൻ പ്രശാന്തതയാൽ നേരിടും. 'Be calm and know that I am God" (Ps. 46:10).*

**N** for Now. എന്റെ ജീവിതം Now ഇപ്പോഴാണ്. നിത്യത്വം എന്നത് ഈ നിത്യ Now ആണ്. അതാണല്ലോ ദൈവനേരം. ഇപ്പോൾ ഇവിടെ ഈശോ ഈ എന്നിൽ ഈകാര്യത്തിൽ, ഈ വ്യക്തിയിൽ, ഇങ്ങനെ സജീവവിശ്വാസത്തിൽ ഞാൻ ജീവിക്കു മ്പോൾ ഞാൻ യഥാർത്ഥ ക്രിസ്ത്യാനിയായി.

℞ *If we live, we live to the Lord, if we die we die to the Lord; we are the Lords'(Rom. 18:8).*

**O** for One. ഏകദൈവത്തിൽ വിശ്വസിച്ച് സ്നേഹസ മർപ്പണം ചെയ്തിരിക്കുന്ന ഞാൻ ഈ ദൈവസ്നേഹത്തിൽ എല്ലാ വരേയും എല്ലാമെല്ലാവും ദർശിക്കണം. എല്ലാവിധ സംഭവങ്ങളും ഈ ദൈവത്തിൽ കണ്ട് പ്രശാന്തമാകണം.

℞ *ഇന്ന് എന്റെ കുടുംബാംഗങ്ങളെ, സഹപ്രവർത്തകരെ, കണ്ട് സ്നേഹാദരവുകൾ നൽകും. Insist on all that unite us, ignore all that divide us (Pope St. John XXIII).*

**P** for Peace. സന്മനസ്സുള്ളവർക്ക് സമാധാനം – ഇതായിരുന്നു ആദ്യക്രിസ്തുമസ് ഗാനം. പുൽക്കൂട്ടിൽ പിറന്ന യേശുവിന് ഞാൻ എല്ലാം സമർപ്പിക്കുമ്പോൾ സമാധാനമായി, സമം ആധാനത്തിലായി, സമചിത്തതയായി, സമ്പൂർണ്ണതയായി.

℞ *ചരിത്രത്തിലെ ആദ്യ പുൽക്കൂടുനിർമ്മാതാവ് വി. ഫ്രാൻസിസിന്റെ സമാധാനപ്രാർത്ഥന ഞാൻ ഇന്ന് പലപ്രാവശ്യം ജപിക്കും. Lord, make me a Channel of your peace.*

**Q** for Quietness. പട്ടണത്തിലെ ശബ്ദകോലാഹലം വിട്ട് പ്രശാന്തമായ ഒരിടം ആശിച്ചു ഗർഭവതി മേരി. അതറിഞ്ഞ് ജോസഫ് തേടികണ്ടതാണ് കാലിതൊഴുത്ത്.

℞ *ഭാവനയിൽ ഭക്തിപൂർവ്വം അവിടെ കയറി ഞാൻ അവരുടെ മുഖത്ത് നോക്കുന്നു. ശിശുമുഖത്തെ ദിവ്യപ്രസാദം, മേരിമുഖത്തെ പ്രശാന്തത, ജോസഫ് മുഖത്തെ പ്രസന്നത. അഞ്ചുമിനിറ്റുകൂടി എടുത്ത് ഈ കാഴ്ചയിൽ നിമഗ്നമായി ഞാൻ പ്രശാന്തപ്രസന്നപ്രസാദം സ്വന്തമാക്കുന്നു. Be calm and know that I am God (Ps. 46:10).*

**R** for Reading : "എടുത്തു വായിക്കുക" എന്ന ഉൾസ്വരം കേട്ട ഒരു ഒരു പാപി, എടുത്തു വായിച്ചു സുവിശേഷപുസ്തകം. അയാൾ മാനസാന്തരപ്പെട്ട് ക്രിസ്ത്യാനിയായി, വൈദികനായി, മെത്രാനായി, ഗ്രന്ഥകാരനായി, തിരുസഭാ ഡോക്ടറായി – വി. അഗസ്റ്റിൻ.

℞ *ഇന്നു മുതൽ എല്ലാ ദിവസവും സുവിശേഷഭാഗം വായിച്ച് പ്രാർത്ഥിച്ചിട്ടേ ഞാൻ പുറത്തു പോകൂ. When*

*I read a prayer book, I talk to God; when I read the Gospel, God talks to me.*

**S** for Servant. യേശു സേവകനായി ശിഷ്യരുടെ പാദങ്ങൾ കഴുകി ക്രിസ്തീയജീവിതം സേവനമാണെന്നു കാട്ടി. (യോഹ. 13:15). ക്രിസ്തുനാഥന്റെ മുമ്പിൽ എന്റെ സ്ഥാനം എന്താണ്? ഒന്നാമത് ദൈവം, രണ്ടാമത് ദൈവമക്കൾ, മൂന്നാമതു മാത്രം ഈ ഞാൻ. ഇതാണ് സ്നേഹത്തിന്റെ വിനയത്തിന്റെ, സുവിശേഷജീവിതം.

℞ *Today is the first day of the rest of my life of loving service.*

**T** for Thanks. ഈ ഇപ്പോൾ ഈ ഞാൻ; ഞാനും എനിക്കുള്ളതെല്ലാം, ദൈവദാനം! ദൈവത്തിന് നന്ദി പറയാൻ മാത്രം സർവതും!! ഇതുകൊണ്ടാണ് വിശുദ്ധർ കൃതജ്ഞതാഭരിതരായി ജീവിച്ചത്.

℞ *പത്തുമിനിട്ടുകൂടി ഇരുന്ന് ഞാൻ ഇന്നലെ നന്ദിപറയാൻ വിട്ടവ ഓർത്ത് ഇപ്പോൾ ദൈവത്തിന് നന്ദി അർപ്പിക്കുന്നു. ഇന്ന് കണ്ടുമുട്ടുന്നവർക്കൊക്കെ നന്ദി നമസ്ക്കാരം പറയുവാൻ ഞാൻ തീരുമാനിക്കുന്നു. For all that has been, THANKS; for all that will be, YES - Dak Hamerkajoed.*

**U** for Understanding. മനസ്സിലായോ എന്ന പ്രയോഗം താഴ്ന്ന ക്ലാസ്സുകൾ മുതൽ കേൾക്കുന്ന പല്ലവിയാണ്. മറ്റുള്ളവരുടെ പറച്ചിലും പെരുമാറ്റവും എന്നിൽ വെറുപ്പും വിരോധവും ഉണ്ടാക്കുന്നെങ്കിൽ അത് ഞാൻ ശരിക്കും മനസ്സിലാക്കാഞ്ഞിട്ടാണ്! അങ്ങനെ ഒരു വ്യക്തിയെ ഞാൻ understand ചെയ്യുന്നത് ഇങ്ങനെയാവണം. ആ വ്യക്തിയുടെ അമ്മയുടെ ഉദരത്തിൽ അന്ന് ഞാൻ ജനിച്ചിരുന്നെങ്കിൽ ആ വ്യക്തിക്കുണ്ടായ പ്രതികൂലാനുഭവങ്ങൾ എനിക്കും ഉണ്ടായിരുന്നെങ്കിൽ അങ്ങനെ തന്നെ ഞാനും പറയുമായിരുന്നു.

പെരുമാറുമായിരുന്നു! ഇതാണ് മനസ്സിലാക്കുന്ന സ്നേഹം, അപ്പോൾ എനിക്ക് അരിശമല്ല അനുകമ്പയാണ് ഉണ്ടാകുക.

℞ *എനിക്ക് അകൽച്ച തോന്നുന്നവരെ ഈ വിധത്തിൽ കണ്ട് യേശുവിന്റെ കരുണാർദ്രസ്നേഹത്തോടെ വീക്ഷിക്കാനും വർത്തിക്കാനും ഞാൻ പ്രയത്നിക്കും. God is Love; in God my love for all.*

**V** for Victory. ജീവിതരംഗങ്ങളിലെല്ലാം വിജയിക്കാനാണ് ത്വര! ഒരിക്കൽ പത്രറിപ്പർട്ടർമാർ മദർ തെരേസായോടു ചോദിച്ചു. മദറിന്റെ പ്ലാനും പദ്ധതികളും എത്രമാത്രം വിജയിച്ചു? ഉടനെ കൊടുത്ത മറുപടി: വിജയിക്കാനല്ല, വിശ്വസ്തയായിരിക്കാനാണ് ദൈവം ആവശ്യപ്പെടുന്നത്.

℞ *ഈ Vശുദ്ധ മദറിന്റെ Vശ്വസ്തതയും Vശുദ്ധിയും കണ്ട് ഞാൻ അഞ്ചുമിനിട്ട് പ്രാർത്ഥനയിൽ ഇവിടെ ഇരിക്കുന്നു. God does not ask me to be successful; He wants me to be faithfull - Mother Teresa.*

**W** for Work. മേരിയും ജോസഫും ഈശോയും നസ്രത്തിലെ വീട്ടിലും നാട്ടിലും വിശ്വസ്ത തൊഴിലാളികളായിരുന്നു. അവരുടെ തൊഴിൽ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും.

℞ *എന്റെ വീട്ടിലും നാട്ടിലും ഞാനും ഒരു വിശ്വസ്ഥ തൊഴിലാളി, എല്ലാവിധ സേവനങ്ങളും എന്റെ സ്നേഹ പ്രകരണങ്ങൾ ദൈവത്തോട് ദൈവമക്കൾക്കുവേണ്ടി, ഞാൻ സ്നേഹിക്കാൻവേണ്ടി മാത്രം ഈ ലോകത്തിൽ. Let my life be a labor of love.*

**X** for X mas. ഈ വാക്കിന്റെ മൂലം CHRIST MASS എന്നായിരുന്നു. പിറവിതിരുനാളിലെ ആഘോഷമായ ദിവ്യപൂജ. ദിവ്യബലി കൂട്ടാക്കാത്തവർ അത് Xmas ആക്കി! അതും അജ്ഞാതയാളിന് നൽകുന്ന ചിഹ്നം! ഇത്തവണ ഏറ്റം ഭക്തിയോടെ Christmas

ൽ പങ്കെടുക്കുവാൻ ഞാൻ ഇന്ന് പാപസങ്കീർത്തനം നടത്തും. ഭവനം സുരക്ഷിതമെങ്കിൽ മാത്രം പാതിരാകുർബാനക്കുപോകും.

℞ *സ്വന്തക്കാർക്കും അയൽവാസികൾക്കും നൽകാനുള്ള സമ്മാനപൊതികൾ ഇന്നുതന്നെ തയ്യാറാക്കി വയ്ക്കും, ദൈവം തന്ന സമ്മാനമായ ദിവ്യഉണ്ണിയുടെ സ്മരണയിൽ ഇന്നു ഞാൻ ചെലവഴിക്കുന്നു.*

**Y** for Yes പരിത്രാണത്തിനുള്ള ദൈവപദ്ധതിക്ക് സമ്മതം YES നൽകിയ ലോകരക്ഷകന്റെ പരിശുദ്ധ പിറവി ഇന്ന്. ദൈവത്തിനു മഹത്വം... മനുഷ്യർക്ക് സമാധാനം (ലൂക്കാ. 2:14). എന്റെ ജീവിതംകൊണ്ട് ദൈവത്തിന് ഉപരിമഹത്വമുണ്ടാകട്ടെ, എനിക്കും ഞാൻ ബന്ധപ്പെടുന്നവർക്കും ഉപരിസമാധാനമുണ്ടാകട്ടെ. ഈ നിയോഗത്തിൽ ഇന്ന് ദിവ്യബലിയും ദിവ്യകാരുണ്യസ്വീകരണവും.

℞ *ക്രിസ്തുമസ് സമാധാനത്തിലും സന്തോഷത്തിലും ഇന്നെന്റെ ആശംസകൾ, സന്ദർശനങ്ങൾ, സംഭാഷണങ്ങൾ.*

**Z** for Zest = enjoyment, enthusiasm. ലൂക്കാ 2:52 ൽ കാണുന്നു. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിൽ വളർന്നുവന്നു. ഈ വളർച്ചയാണ് യേശു അനുഗാമി എനിക്കും ഉണ്ടാകേണ്ടത്.

℞ *ഇതിനായി ആത്മാർത്ഥമായ ആത്മശോധന നടത്തി പ്രായോഗിക തീരുമാനങ്ങൾ കണ്ടെത്തി യേശുവിന് സമർപ്പിക്കാനും, മേരി ജോസഫുമാരുടെ മാദ്ധ്യസ്ഥം യാചിക്കാനും ഇന്ന് വേണ്ട സമയം ഞാൻ ചെലവിടുന്നു. ഇന്നുമുതൽ എന്റേത് യേശു കൃപയാൽ **XYZ** ആവട്ടെ = e**X**tra **Y**ears of **Z**est.*

**27** ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച കരുണയുടെ ഈ വർഷത്തിൽ ഞാൻ അദ്ദേഹത്തെ അനുകരിക്കണം. ഉന്നത സ്ഥാനത്തെ

ങ്കിലും ഒരു വിശേഷണവും ഇഷ്ടപ്പെടാതെ ഫ്രാൻസിസ് എന്നു മാത്രം വിളിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന വിനീതഭാവം, ഹൃദയത്തിൽ നിന്നും സംസാരിക്കുന്ന രീതി, കണ്ടുമുട്ടുന്നവരെ കൈപിടിച്ച് കണ്ണിൽ നോക്കി പറയുന്ന സൗഹൃദം, മുമ്പിൽ കാണുന്നവരിൽ ഏറ്റവും അവശതയിൽ ഉള്ളവരെ ഓടിച്ചെന്ന് സ്വീകരിക്കുന്ന കാരുണ്യം.... ഇതെല്ലാം നസ്രസിൽകൂടി നടന്നുപോയ യേശുവും കാട്ടിയതാണ്.

> ℞ *ഇന്ന് ഈശോയുടെ കാരുണ്യമുഖത്തോടെ ഫ്രാൻസിസ് പാപ്പായുടെ അലിവോടെയാകട്ടെ എന്റെ പോക്കും വരവും. I dream of a Church who is mother and shepherdess - Pope Francis.*

**28** "അവിടുത്തെ കരുണ തലമുറകൾതോറും...." എന്ന് അമ്മ മേരി ഉത്ഘോഷിച്ചതാണ്. ഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ ദൈവത്തിന്റെ മുഖം കരുണാനിധിയായ പിതാവിന്റേതാണ്. ദൈവപുത്രൻ യേശു എടുത്തുപറഞ്ഞതാണ്: സ്വർഗ്ഗീയ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരാകുക (ലൂക്കാ. 6:36).

> ℞ *ഇന്നത്തെ എന്റെ നോട്ടം, അഭിവാദനം, സംഭാഷണം, ചെയ്തികൾ എല്ലാം കരുണാമയമാകുവാൻ ഞാൻ പ്രാർത്ഥിക്കുന്നു, പ്രയത്നിക്കുന്നു. Blessed are the merciful, they will obtain mercy. (Mt. 5.7).*

**29.** അതിനാൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരും വാത്സല്യഭാജനങ്ങളും പരിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ (Col. 3:12). വി. പൗലോസിന്റെ ഈ വാക്യം ഇവിടെ ഇരുന്ന് 5 തവണ ഞാൻ പ്രാർത്ഥനാപൂർവ്വം വായിച്ച് സ്വന്തമാക്കുന്നു. വി. ഫ്രാൻസിസ് പർണ്ണശാലകളിൽ ശിഷ്യരെ താമസിപ്പിച്ചപ്പോൾ കൊടുത്ത

നിർദ്ദേശം ഇതാണ്. 4 പേർ ഒരു പർണ്ണശാലയിൽ താമസിക്കുക, 2 പേർ അമ്മമാരായും 2 പേർ പുത്രന്മാരായും വർത്തിക്കുക. ഇത് തവണവച്ച് ചെയ്യുക.

℞ *ഇന്ന് മാതൃപിതൃവാത്സല്യത്തോടെയും പുത്രപുത്രീ വിധേയത്വത്തോടും കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ ഇവ ഞാൻ ജീവിക്കും.*

**30.** കാരുണ്യത്തിന്റെ കൂദാശയാണ് കുമ്പസാരം. കരുണാ വർഷം പ്രഖ്യാപിച്ച ഫ്രാൻസിസ് പാപ്പാ, ദൈവകാരുണ്യം അനുഭവിച്ചത് നാട്ടിൽ ഒരു വൈദികനോട് കുമ്പസാരിച്ചപ്പോഴാണ്. ദൈവ വിളി അന്ന് അദ്ദേഹത്തിന് വ്യക്തമായി. പാപ്പാ ആയപ്പോൾ തിരഞ്ഞെടുത്ത ആപ്തവാക്യം: "കരുണയിൽ തിരഞ്ഞെടുക്കപ്പെട്ട" എന്നതായിരുന്നു. പാപ്പാ മാസത്തിൽ 2 വട്ടം കുമ്പസാരിക്കുന്നു. മുൻഗാമി വി. ജോൺ XXIII എല്ലാ വെള്ളിയാഴ്ചയും കുമ്പസാരിച്ചു.

℞ *ഞാൻ ഇന്ന് ഒരു ആണ്ടുകുമ്പസാരം നടത്തും. ഇരുന്നു മുഖത്തോടു മുഖം സംസാരിക്കാൻ അവസരം തരുന്ന ഭക്തനായ ഒരു വൈദികനിൽനിന്നും ഉപദേശവും പാപമോചനവും ലഭിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. For a successful life do these three : 1) Kindness 2) Kindness 3) Kindness - Henny James.*

**31.** എല്ലാവരേയും സ്നേഹിക്കാനും അവരോട് ക്ഷമിക്കുവാനും ഉപദേശിക്കുന്ന യേശു എടുത്തുപറഞ്ഞതാണ്. ദൈവം ശിഷ്ടന്മാരുടെമേലും ദുഷ്ടരുടെമേലും സൂര്യനെ ഉദിപ്പിക്കുന്നു, മഴ പെയ്യിക്കുന്നു, ഇങ്ങനെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ (മത്താ. 5:48).

*℞ ഇന്ന് നല്ല സമയം കണ്ടെത്തി അരമണിക്കൂറെങ്കിലും സ്വസ്ഥമായി ഇരുന്ന് ഈ വർഷം ഞാൻ ആരെയെങ്കിലും വേദനിപ്പിച്ചെങ്കിൽ അതോർത്ത് "കർത്താവേ, എന്നോടു ക്ഷമിക്കണമെ, അങ്ങയുടെ ആ വത്സല മകനെ/മകളെ അനുഗ്രഹിക്കണമെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കും. അവിടുന്ന് എന്നോടു ബന്ധപ്പെടുത്തിയിരിക്കുന്ന ഓരോ വ്യക്തിയേയും ഓർത്ത് ഞാൻ സമർപ്പിച്ചു പ്രാർത്ഥിക്കും. തുടർന്ന് ഈ വർഷം ലഭിച്ച എല്ലാ അനുഗ്രഹവർഷങ്ങളും ഓർത്ത് നന്ദിയോടെ ദിവ്യനാഥനെ സ്തുതിച്ചുകൊണ്ടിരിക്കും. നാളെ മുതൽ എന്റെ ജീവിതത്തിൽ വരുത്തേണ്ട - ദൈവമഹത്വത്തിനും മറ്റുള്ളവരുടെ നന്മയ്ക്കു ഉതകുന്നവ വെളിപ്പെട്ടുകിട്ടുവാൻ ഞാൻ കുറേസമയംകൂടി ധ്യാനിച്ചിരിക്കും. വന്നതിനെല്ലാം നന്ദി; വരുന്നതിനെല്ലാം ആമ്മേൻ ഈശോ.*

***Amen + Alleluia***



നമ്മുടെ അന്തസത്ത ദിവ്യമായ ഒന്നാണ്, വ്യക്തിതലത്തിലും സമൂഹതലത്തിലും അത് സാക്ഷാത്ക്കരിക്കയാണ് ജീവിതത്തിന്റെ പരമലക്ഷ്യം.

- Mahatma Gandhi

# മധുരം പുതുവർഷം – 2016



നീ തേൻ കഴിക്കുക; നല്ല രുചിയോടെ നിനക്ക് കഴിക്കാം; എന്നാൽ ഓർക്കുക വിജ്ഞാനം തേൻപോലെയാകണം നിനക്ക്; നീ അതു കണ്ടെത്തിയാൽ നിനക്ക് ശോഭനഭാവിയുണ്ടാകും (Provertbs 24:13-14).

ഞാൻ വന്നിരിക്കുന്നത് ഈജിപ്തിൽ അടിമത്വത്തിൽ കഴിയുന്നവരെ മോചിപ്പിച്ച് തേനും പാലും ഒഴുകുന്ന പ്രദേശത്താക്കാനാണ്. (Exodus 3:8).

നല്ല വാക്ക് തേൻകട്ട പോലെയാണ്, ആത്മാവിന് മധുരം ശരീരത്തിന് ആരോഗ്യം (Proverbs 16:24).

തേനീച്ച തേൻ ഉണ്ടാകുന്നതുപോലെയാവണം. നമ്മൾ വിനീതരായി ജോലി ചെയ്യുവാൻ (St. Teresa of Avila).

തേനീച്ച ചെടിയിൽ പറന്നെത്തി തേൻ വലിച്ചെടുക്കുംപോലെ നമ്മളും സ്നേഹത്തിന്റെ മാധുര്യം അനുഭവിക്കണം. എല്ലാത്തിൽനിന്നും എല്ലാത്തിലും ദൈവത്തെ കണ്ടു സ്നേഹിക്കുമ്പോഴാണ് ഇത് സാദ്ധ്യമാകുന്നത് (St. John of the Cross).



യഥാർത്ഥ ഭക്തി ആസ്വദിക്കുന്നയാൾ തേൻപുഴയിലാണ്

(Rumi)

ഇങ്ങനെ മധുരം നിറഞ്ഞതാവട്ടെ നന്ദി വായനക്കാരുടെ നവവർഷം 2016.

# അവിടുന്ന് മാത്രമാണ് നല്ലവൻ



അത്യുന്നതനും പരമോന്നതുമായ
ദൈവത്തിന് എല്ലാ നന്മയും
സമർപ്പിക്കാം.എല്ലാ നന്മയും
അവിടുത്തേത് മാത്രമെന്ന്
നമുക്ക്ഏറ്റുപറയാം
എല്ലാ നന്മയുടേയും ഉറവിടം അവി
ടുന്നാകയാൽ
എല്ലാറ്റിനും നമുക്ക് അവിടുത്തേക്ക്
നന്ദി പറയാം
ഏകസത്യ ദൈവവും
അത്യുന്നതനും പരമോന്നതനുമായ
അവിടുത്തേക്കു മാത്രം
എല്ലാ ബഹുമാനവും ആദരവും
എല്ലാ സ്തുതിയും പുകഴ്ചയും
എല്ലാ കൃതജ്ഞതയും മഹത്ത്വവും
ഉണ്ടാകുവാനും നൽകപ്പെടാനും
അവിടുന്നു മാത്രം സ്വീകരിക്കാനും ഇടവരട്ടെ
എന്തെന്നാൽ എല്ലാ നന്മയും
അവിടുത്തേതാണ്.അവിടുന്നു മാത്രമാണ് നല്ലവൻ.

***സെന്റ് ഫ്രാൻസിസ്***



**"ലൗദാതോ സി" –**
വിശുദ്ധ ഫ്രാൻസി
സിന്റേയും പാപ്പാ
ഫ്രാൻസിസിന്റേയും
മംഗളാശംസ എൻ സഹജീവിയെ!

# വാഴ്ത്തപ്പെട്ട 19 കാരി ലൂസി



വിവാഹശേഷം 10 വർഷം പ്രാർത്ഥിച്ചിട്ട് കിട്ടിയ കുട്ടിയായിരുന്നു ലൂസി. ജനനം ഒക്ടോബർ 29, 1971 ഇറ്റലിയിൽ. ആദ്യകുർബാന സ്വീകരണവേളയിൽ അവൾക്കുണ്ടായ അനുഭവങ്ങൾ അവളെ വിശുദ്ധിയിൽ വളർത്തി. ഈശോയുടെ തിരുസാന്നിദ്ധ്യം. ഈശോയുടെ തിരുവചനമുള്ള സുവിശേഷം സമ്മാനമായി കിട്ടിയത്. ''സുവിശേഷത്തിലെ അക്ഷരങ്ങൾ എഴുതാനല്ല എനിക്ക് ജീവിക്കാനാണ്'' എന്നവൾ കണ്ടെത്തി.

ടെന്നീസ് കളിക്കിടെ അവൾക്ക് ശക്തിയായ വേദന അനുഭവപ്പെട്ടു. അത് ക്യാൻസറായി. ചികിത്സയിലായപ്പോൾ പലരും പറഞ്ഞു ലൂർദ്ദിൽ പോയി പ്രാർത്ഥിക്കാൻ. അവളുടെ മറുപടി ഇത്: അമ്മയ്ക്ക് ഇഷ്ടമെങ്കിൽ ഞാൻ ലൂർദ്ദിൽ പോകണ്ട, ഇവിടെ എന്നെ സുഖപ്പെടുത്താം. ഈശോയിക്ക് ഇഷ്ടമായതുമാത്രം ഞാൻ ഇഷ്ടപ്പെടുന്നു. ഈ രോഗം അവിടുത്തെ പദ്ധതിയിൽ എങ്കിൽ ഞാൻ ഇത് ഇഷ്ടപ്പെടുന്നു.

അവൾ രോഗക്കിടക്കയിലായിട്ടും അവൾ ഏകമകൾ സ്വന്തം മാതാപിതാക്കളുടെ വിവാഹവാർഷികം ആഘോഷിക്കാൻ ഹോട്ടലിൽ ഏർപ്പാടുചെയ്തു. അവർ പോകാൻ മടിച്ചപ്പോൾ അവൾ അമ്മയോടു പറഞ്ഞു: മമ്മിക്ക് എനിക്കുമുമ്പേ കിട്ടിയത് എന്റെ ഡാഡിയെയാണ്. നിങ്ങൾ ആഘോഷിക്കണം.

രോഗം കൂടി മരണാസന്നയായപ്പോൾ അവൾ മാതാപിതാക്കളോടു പറഞ്ഞു: ഞാൻ യാത്ര പറയുന്നു. നിങ്ങൾ ആഹ്ലാദിച്ചാലും. ഞാൻ എന്നുമുണ്ട്. മരണം ഒക്ടോബർ 7, 1990. 25000 യുവാക്കളാണ് അവളെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ച തിരുകർമ്മങ്ങളിൽ സമ്മേളിച്ചത്. അവൾ കണ്ടെത്തിയ സവിശേഷാനന്ദമായിരിക്കട്ടെ നമ്മുടേതും ഈ പുതുവത്സരത്തിലും തുടർന്നും.



ദൈവം എല്ലാവരോടും കരുണ കാട്ടുന്നു, എന്നാൽ അത് സ്വീകരിക്കാൻ മനസ്സില്ലാത്തവർ അനേകർ

– St. Mary Magdalene de Pazzi

# ഫ്രാൻസീസ്....



"അവിടുത്ത മാലാഖയായ വി. ഗബ്രിയേൽ വഴി, അത്യുന്നതനായ സ്വർഗ്ഗീയ പിതാവ്, വിശുദ്ധയും ശ്രേഷ്ഠയുമായ കന്യകാമറിയത്തിന്റെ ഉദരത്തിൽ ഏറ്റവും യോഗ്യവും ഏറ്റവും വിശുദ്ധവും മഹത്വപൂർണ്ണവുമായ പിതാവിന്റെ ഈ വചനം അറിയിച്ചു. അവിടെനിന്നാണല്ലോ അങ്ങ് നമ്മുടെ ബലഹീനതയുടേയും മനുഷ്യത്വത്തിന്റേയും മാംസം സ്വീകരിച്ചത്. സർവ്വോപരി സമ്പന്നനായിരുന്നിട്ടും എത്രയും കന്യകയായ തന്റെ അമ്മയോടൊപ്പം ഇഹത്തിൽ അങ്ങ് ദാരിദ്ര്യം തെരഞ്ഞെടുക്കുവാൻ തിരുമനസ്സായി...

(St. Francis, Letter to the Faithful)



## ൧൦൦ ന്റെ തികവിൽ സിസ്റ്റർ കെവിൻ

1915 ഏപ്രിൽ 3 ന് ഐർലണ്ടിൽ ജനിച്ച കെവിൻ 27-ാം വയസ്സിൽ Poor Clare ഫ്രൻസിസ്കൻ സഭയിൽ ചേർന്നതാണ്. വി. ഫ്രാൻസിസും വി. ക്ലാരയുമാണ് സിസ്റ്റർ കെവിന്റെ സജീവമാതൃകകൾ.

ദിവ്യകാരുണ്യസന്നിധിയിൽ സ്നേഹമാകുവാനും സ്നേഹമായി സേവനം ചെയ്യുവാനും ആഗ്രഹിക്കുന്ന യുവതികളും സിസ്റ്റർമാരും ബന്ധപ്പെടുക. Ph : 9493980124

Colettine Monastery, Velankanni Nagar,

Shamshabad - 501218, Telumgana

# അതിശയം, സർവാതിശയം



ദൈവം ഇന്നും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. എനിക്കു 33 വയസ്സായി. ജന്മനാ കൈകളും കാലുകളും ഇല്ലാതെ ജനിച്ച ഒരു മാംസകഷണമായിരുന്നു ഞാൻ. എന്റെ മാതാപിതാക്കൾ എന്നെ സ്നേഹിച്ചു വളർത്തി. മറ്റുള്ളവരെ സ്നേഹിച്ച് അവർക്കായി സേവനങ്ങൾ എത്തിച്ചു കൊടുത്തപ്പോൾ തുടങ്ങി അതിശയങ്ങൾ, ദൈവാനുഗ്രഹങ്ങൾ. ഒരു സ്ത്രീ എന്നെ സ്നേഹിക്കുമെന്ന് ഞാൻ വിചാരിച്ചില്ല. Kanae എന്ന സുന്ദരിക്ക് എന്നെ വേണമായിരുന്നു. അവൾ എന്റെ ശരീരം കണ്ടല്ല എന്നെ സ്നേഹിച്ചത്, ദൈവം എന്നിൽ ചെയ്യുന്നവ കണ്ടാണ് പ്രേമിച്ചത്. ഒരു കുഞ്ഞുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചതല്ല. വിവാഹശേഷം ഒരു വർഷവും ഒരു ദിനവും തികഞ്ഞപ്പോൾ ജനിച്ച ഓമന മകൻ, Kiyoshi. പ്രാർത്ഥനയിൽ വിശ്വാസം പോരാത്തവർക്ക് നിർദ്ദേശിക്കുന്ന യേശുവചനം ഇത്: .......... പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ. നിങ്ങൾക്ക് ലഭിക്കുകതന്നെ ചെയ്യും (മർക്കോസ്. 11:24). ചിത്രത്തിൽ ഇതു പറയുന്ന Nick Vujiecic, പങ്കാളി Kanae, മകൻ Kiyoshi.



ധ്യാനവും സമാധാനവും ഉള്ളിടത്ത് ഉത്കണ്ഠയും അസ്വസ്തതയുമില്ല.

- St. Francis Assisi



# നോട്ടം നേട്ടം

നമ്മുടെ ആശയവിനിമയങ്ങൾ അധികവും നോട്ടത്തിലൂടെയാണ് സംഭവിക്കുന്നത്. ദൈവം സ്നേഹമാകുന്നു, സ്നേഹത്തിൽ വസിക്കുന്നവർ ദൈവത്തിലും. നമ്മുടെ നോട്ടം ഈ സ്നേഹത്തിന്റെ നേട്ടമായിരിക്കണം. യേശുവിന്റെ ഒരു നോട്ടത്തെപ്പറ്റി സെന്റ് അഗസ്റ്റിൻ ഭംഗിയായി ഇങ്ങനെ അവതരിപ്പിക്കുന്നു (ലൂക്കാ. 23:40,41). നീ തിരുലിഖിതങ്ങൾ പഠിച്ചിട്ടാണോ യേശുവിനെ ശരിക്കു മനസ്സിലാക്കിയത്? നല്ല കള്ളൻ പറഞ്ഞു: യേശു എന്നെ നോക്കി, ആ നോട്ടത്തിൽ ഞാൻ എല്ലാം മനസ്സിലാക്കി. ............... നമ്മുടെ 2016 ലെ ധ്യാനനേരവും ഏകാന്ത പ്രാർത്ഥനയും ഈ ദിവ്യനോട്ടത്തിലാവട്ടെ.



*ദൈവം ഇഷ്ടപ്പെടുന്നവ ഇഷ്ടപ്പെടാതിരിക്കുന്നതും ദൈവം ഇഷ്ടപ്പെടാത്തവ ഇഷ്ടപ്പെടുന്നതുമാണ് പാപം.* - St. Catherine Sienna

**നീ ഒരാൾ മാത്രമേ ഉള്ളു എന്നതു പോലെയാണ് ദൈവത്തിന് നിന്നോടുള്ള സ്നേഹം.** - St. Augustine



# 2016 ൽ വേണ്ട / വേണം




അധികാരിയുടെ, നേതാവിന്റെ, അഹങ്കാരം വേണ്ട; വേണം യേശുവിന്റെ ശുശ്രൂഷാജീവിതം: നിങ്ങളിൽ പ്രമുഖരാകാൻ ഇച്ഛിക്കുന്നവർ നിങ്ങളുടെ ശുശ്രൂഷകരാകണം (മത്താ. 20:26).

ഒരിടത്തും ഒരു വേദിയിലും സദസ്സിലും ഒന്നാം സ്ഥാനം വേണ്ട. "ഏറ്റം ഒടുവിലത്തെയാളും എല്ലാവരുടേയും ദാസി/ദാസനുമാകണം" (മർക്കോസ്. 9:34).

എനിക്കു ചെയ്യാവുന്നതത്രയും ഞാൻതന്നെ ചെയ്യും, മറ്റുള്ളവരെ ഭൃത്യരായി വേണ്ട. "മനുഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടാനല്ല പ്രത്യുത ശുശ്രൂഷിക്കാനും അനേകരുടെ മോചനമൂല്യമായി സ്വന്തം ജീവൻ നൽകാനുമത്രെ വന്നിരിക്കുന്നത് (മർക്കോസ്. 10:45).


പെരും പെരുമയുമയ്ക്കുമായി ഒന്നും വേണ്ട. ദൈവദൃഷ്ടിയിൽ നിർമ്മലമായതുവേണം. "പീഡയനുഭവിക്കുന്നവരേയും അനാഥരേയും വിധവകളേയും സഹായിക്കുകയും ലോകത്തിൽ കളങ്കമറ്റവരായി ജീവിക്കയും ചെയ്യുക എന്നതാണ്, ദൈവത്തിന്റെ ദൃഷ്ടിയിൽ പരിശുദ്ധവും നിർമ്മലവുമായ ഭക്തി, ശുശ്രൂഷ (യാക്കോബ് 1:27).

എന്റെ വീട്ടിൽ അഥവാ അംഗമായ കൂട്ടത്തിൽ ഞാൻ മേലാൾ ആകണ്ട, ആകണം കീഴാൾ. "ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന വരത്തിനനുരിച്ച് നല്ല ഗൃഹവിചാരകരെപ്പോലെ ദൈവത്തിന്റെ കൃപാ സമ്പത്തെടുത്ത് അന്യോന്യം ശുശ്രൂഷിക്കുവിൻ" (1 പത്രോസ്. 4:10).



2016 ലെ കരുണാമയ ജീവിതത്തിന് കാരുണ്യം ജീവിതമാക്കിയ മദർ തെരേസായുടെ വാക്കുകൾ എനിക്ക് പ്രചോദനമാകട്ടെ. "പ്രാർത്ഥനയുടെ ഫലം വിശ്വാസം, വിശ്വാസത്തിന്റെ ഫലം സ്നേഹം, സ്നേഹത്തിന്റെ ഫലം ശുശ്രൂഷ. എന്റെ ജീവിതം അവസാനിക്കുംവരെ ജോലി. ജോലി തീരുംവരെ ജീവിതവും എന്റെ സ്നേഹം എല്ലാവർക്കും, എന്റെ ഹൃദയം യേശുവിനു മാത്രം"

# വിശുദ്ധന്റെ ഉപദേശം



വരുന്നവരുടെ വേദനകൾ കേൾക്കുമ്പോൾ വി. ലോയോപോൾഡ് നൽകിയിരുന്ന ഉറപ്പ് ഇത്: വിശ്വസിക്കുക, വിശ്വാസം മാത്രം മതി. ദൈവം വൈദ്യനും മരുന്നുമാണ്. കൂടാതെ നമ്മളെ മനസ്സിലാക്കുന്നു, കുരിശിന്റെ ചുവട്ടിൽനിന്നു സഹിച്ച ഒരു അമ്മയും നമുക്കുണ്ട്. യൂഗോസ്ലോവിയാക്കാരനായ ഈ കൃാപുചിൻ സന്ന്യാസി ഇറ്റലിയിലെ പാദുവായിലാണ് സമർപ്പണജീവിതം തുടർന്നത്. വർഷങ്ങളോളം കുമ്പസാരവേദിയിൽ സേവനം ചെയ്ത് അനേകർക്ക് ആശ്വാസമേകി. ക്രൈസ്തവരുടെ പുനരൈക്യത്തിനുവേണ്ടി ഒരു ബലിയായി സ്വയം സമർപ്പിച്ച വിശുദ്ധനുമായിരുന്നു അദ്ദേഹം. ജനനം 1866 മരണം 1942. വിശുദ്ധപദവി 1983. കൂടുതൽ വിവരങ്ങൾക്ക് : Convento Cappuccini - 35123, Padova, Italy.



*പ്രാർത്ഥനാന്തരീക്ഷമായിരിക്കണം നമ്മുടെ ജീവിതകാലത്തിന്റെ കാലാവസ്ഥ.* - St. Basil



# കരുണാവർഷം

കരുണയുള്ളവർ ഭാഗ്യപ്പെട്ടവർ, അവർക്ക് കരുണ ലഭിക്കും (മത്താ. 5:7). ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് (മത്താ. 9:13). പരമകാരുണികനായ യേശുവിന്റെ അനുയായികൾ കരുണാമയരാകുവാനാണ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുന്നത് കരുണാവർഷം (ഡിസം. 11, 2015 - 2016). അനുദിനജീവിതത്തിൽ അതിങ്ങനെ:

ആർത്തസ്വരം കേട്ടൊരുകാത് കാത്<br>
കാരുണ്യമാർന്നീടിന ദൃഷ്ടി ദൃഷ്ടി<br>
സന്തോക്തിയോടതീടിന ജിഹ്വ ജിഹ്വ<br>
സാധുക്കളെത്താങ്ങിന ബാഹു സാഹൂ

മഹാകവി ഉള്ളൂർ



*നിന്റെ ചെവികൾ അടയ്ക്കാനല്ല ഉണ്ടാക്കപ്പെട്ടിരിക്കുന്നത്, എന്നാൽ നിന്റെ വായ് അതിനാണ്, മിതഭാഷിയാകൂ* – Anon

# അവരുടെ കാലടികൾ



ചിത്രത്തിൽ രണ്ടു വിശുദ്ധർ. ആര് ആരെ നയിക്കുന്നു? അദൃശ്യനായ ഈശോ തന്നെ. ജീവിതത്തിൽ ഒരാൾ പാറ, മറ്റൊരാൾ പെൻസിൽ. രണ്ടു പേരും തൃക്കരങ്ങളിൽ ഉപകരണങ്ങൾ. "ദൈവത്തിന്റെ പെൻസിൽ" എന്ന തലക്കെട്ടിൽ മദർ തെരേസായെപ്പറ്റി 96 പേജുള്ള ഒരു നല്ല ഗ്രന്ഥം സ്വന്തമാക്കുവാൻ ഗ്രന്ഥകർത്താവുമായി ബന്ധപ്പെടുക. Antony Manjiyil. Assisi Bhavan, Konnakuzhy - 680 721, Ph : 9605041357.



## ക്യാപ് കഷായി



ഇറ്റലിയിലെ സെന്റ് ഫ്രാൻസിസ് അനുയായികൾ കടുത്ത തണുപ്പിലും ഉഷ്ണത്തിലും തലമൂടുവാൻ Cap ശിരോവസ്ത്രം ഉടുപ്പിന്റെ മുകൾഭാഗമാക്കി. ഇങ്ങനെ ധരിച്ചുനടന്നവരെ ആദ്യമായി കണ്ട കുട്ടികൾ വിളിച്ചു പറഞ്ഞു:, Capuchins, ക്യാപുചിൻസ് ക്യാപ്ധാരികൾ. അങ്ങനെ സന്യാസികൾ അവിടെ അറിയപ്പെട്ടു. അവർ കേരളത്തിൽ വന്നപ്പോൾ അറിവില്ലാത്തവർ അവരെ കപ്പൂച്ചിൻസ് Cuppoochins കപ്പുധാരികൾ എന്നു വിളിച്ചുതുടങ്ങി! ഇറ്റലിയിലെ Cap = തൊപ്പി കേരളത്തിൽ Cup = കോപ്പയായി! എന്നാലും ആഗോള ഇംഗ്ലീഷ് നിഘണ്ടുവിൽ Capuchin ക്യാപുചിൻ എന്നു തന്നെയാണ് കാണുക.

# 60 + കാർക്ക് നല്ല ഓർമ്മയ്ക്ക്

ഒരു പുതിയ ഭാഷ പഠിക്കുക അഥവാ പഠിച്ചവ വായിക്കുക പതിവായി. ബൈബിൾ ഭാഗം വായിക്കുന്നത് അത്രയും നന്ന്. ഇങ്ങനെ തലച്ചോർ എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരുന്നാൽ സെല്ലുകൾ തമ്മിലുള്ള ആശയവിനിമയം നഷ്ടപ്പെടാതെ നോക്കാൻ കഴിയും. ദിവസം മൂന്നു കപ്പ് കാപ്പി കുടിക്കുന്നത് മറവിരോഗത്തെ പ്രതിരോധിക്കാൻ കഴിയുമെന്നു യൂറോപ്പിൽ നടന്ന പഠനങ്ങൾ വ്യക്തമാക്കുന്നു. പല്ലിന്റെ ആരോഗ്യം ക്ഷയിക്കുന്നത് തലച്ചോറിലെ കോശങ്ങൾക്കു നാശം സംഭവിക്കുന്നതിന്റെ ലക്ഷണമായി വിശേഷിപ്പിക്കപ്പെടുന്നുണ്ട്. 35 വയസ്സിനു മുൻപു ദന്തരോഗം വന്നവർക്ക് ഭാവിയിൽ സ്മൃതിനാശമുണ്ടാവാം.

55 വയസിനും 78 വയസിനും ഇടയ്ക്കു പ്രായമുള്ളവർ ദിവസത്തിൽ ഒരു മണിക്കൂറെങ്കിലും ഇന്റർനെറ്റുമായി ഇടപഴകുന്നത് ഓർമകളെ ആക്ടിവേറ്റ് ചെയ്യിക്കും. ധാരാളം മത്സ്യം കഴിക്കുന്നതിലൂടെയും സ്മൃതിനാശത്തെ നേരിടാം. ഓർമകളെ ഉദ്ദീപിപ്പിക്കാൻ ആപ്പിൾജ്യൂസിനു കഴിയും. 16 ഔൺസ് ജ്യൂസോ രണ്ടോ മൂന്നോ ആപ്പിളോ കഴിക്കാം. നടത്തം പോലുള്ള വ്യായാമമുറകളും ഗുണകരമാണ്.

തലയ്ക്ക് ക്ഷതമേറ്റവർക്ക് മറവിരോഗം പിടിപെടാനുള്ള സാധ്യത കൂടുതലാണ്. ദിവസം 12 മിനിറ്റെങ്കിലും അധ്യാനിക്കുകയോ യോഗ ചെയ്യുകയോ ചെയ്യുന്നത് നല്ലതാണ്. പ്രായമായവരിൽ വിറ്റാമിൻ ഡിയുടെ കുറവു മറവിരോഗത്തിനു കാരണമാവും. എപ്പോഴും ആക്ടീവായിരിക്കുക, സാമൂഹികചുറ്റുപാടുകളുമായി ഇടപഴകിക്കൊണ്ടിരിക്കുക, പുതിയഭാഷകൾ പഠിക്കുക, വ്യായാമം ചെയ്യുക. ഇതാണ് മറവിയെ തോൽപ്പിക്കാനുള്ള വഴി. സർവോപരി ദൈവ ഓർമ്മയ്ക്ക് പ്രാധാന്യം കൊടുക്കുക. “യേശുക്രിസ്തുവിനെ ഓർക്കുക” (തിമോ. 2:8). “ദൈവസാന്നിദ്ധ്യം നിരന്തരം തേടുക, ദൈവം ചെയ്ത വിസ്മയകരങ്ങളായ കാര്യങ്ങൾ ഓർക്കുക (സങ്കീ. 105:5).

# തക്കമറുപടി





ജപമാലയിലെ ആവർത്തനം, “നന്മ നിറഞ്ഞ മറിയം” വിരസതയുണ്ടാക്കുന്നു വെന്നു പറഞ്ഞ യുവതിയോട് മോൺ. ഫുൾട്ടൺ ജെ. ഷീൻ : നിന്റെ പങ്കാളിയുമായി പ്രേമത്തിലായപ്പോൾ നീ പറഞ്ഞിരുന്ന വാക്യം എന്തായിരുന്നു? അവൾ : I love you. മോൺ: നിന്റെ ആവർത്തന സ്വഭാവത്തോടെ സ്വർഗ്ഗീയ അമ്മയോട് നമ്മൾ പറയുന്നതുതന്നെ ജപമാല! ............ അതിസ്നേഹത്തോടെ ജപമാലചൊല്ലാം അനുദിനം.

* * * *

തടിയൻ ജി.കെ. ചെസ്റ്റർട്ടൻ, മെലിഞ്ഞ ബർണാർഡ് ഷായെ കണ്ടപ്പോൾ : താങ്കളെ കണ്ടാൽ നമ്മുടെ നാട്ടിൽ പഞ്ഞമാണെന്ന് മനുഷ്യർ പറയുമല്ലോ! ബർണാർഡ് ഷാ : താങ്കളെ കണ്ടാൽ അതിന്റെ കാരണവും അവർ അറിയുമല്ലോ!! ........... ഡോക്ടർ സോമനാഥിന്റെ വാക്കുകൾ ഇവ : ആരോഗ്യരംഗത്ത് 3 മാരകപാപങ്ങൾ 1. പഞ്ചസാര 2. ഉപ്പ് 3 കുടവയർ.

* * * *

ഒരു സഹയാത്രികൾ ശ്രീനാരായണഗുരുവിനോട് പേരു ചോദിച്ചു. നാരായണൻ എന്ന് മറുപടി കേട്ടപ്പോൾ അയാൾ : ജാതി ഏതാണ്? ഗുരു മറുപടിയായി പറഞ്ഞു: കണ്ടിട്ട് മനസ്സിലായില്ലെങ്കിൽ കേട്ടാൽ മനസ്സിലാകുമോ? ................. ജനങ്ങൾ കണ്ടിട്ടും കേട്ടിട്ടും ബഹുമാനിക്കാത്തതുകൊണ്ടാവാം സ്വന്തം പേരിനു മുമ്പിലും പിമ്പിലും ചിലർ സർവകലാശാല ബിരുദങ്ങൾ എന്നു തോന്നുമാറ് ലിപികൾ എഴുതിചേർക്കുന്നതും അച്ചടിപ്പിക്കുന്നതും!

* * * *



നമ്മൾ സഹോദരീസഹോദരങ്ങൾ; കുറച്ചു പേരുടെയല്ല – എല്ലാവരുടേയും!.

*– Pope Paul VI*

അരിശം വന്ന അദ്ധ്യാപകൻ പറഞ്ഞു : നീ ഒരു കഴുതയാ. അവൻ ശാന്തമായി മറുപടി നൽകി: സാർ, ഒരു കഴുതയുടെ എല്ലു കൊണ്ടാണല്ലോ സാംസൺ ശത്രുക്കളെ തോല്പിച്ചത്! ഈ വിദ്യാർത്ഥിയാണ് പിന്നീട് വിശുദ്ധനായ ജോൺ വിയാന്നി! പഠന കാലത്ത് സതീർഥ്യർ തോമ്മസിനെ കളിയാക്കിയിരുന്നു. ആൾ പോത്താണ്, സ്വരവും പോത്തിന്റെ, ഇതറിഞ്ഞ റെക്ടർ പറഞ്ഞു: ഒരുകാലത്ത് തോമ്മസിന്റെ സ്വരം യൂറോപ്പിലും പുറത്തും കേൾക്കപ്പെടും. ഇതുപറഞ്ഞയാളാണ് വി. ആൽബർട്ട്. അന്നത്തെ തോമ്മസാണ് വേദപാരംഗതൻ വി. തോമസ് അക്വിനാസ്. .............. കളിയാക്കും പരിഹാസവും വിഡ്ഢികളുടെ വിവരക്കേടാണ്.

* * * *

അയൽവാസി ഔസേപ്പ് ചെന്നു ചോദിച്ചു ചാക്കോച്ചനോട് ഒരു പുസ്തകം വായിക്കാൻ തരാമോ? ചാക്കോച്ചൻ: തരാം ഒരു വ്യവസ്ഥയിൽ. ഇവിടെ ഇരുന്നു വായിച്ചുകൊള്ളണം. കൊണ്ടുപോകാൻ തരില്ല. അടുത്തയാഴ്ച ചാക്കോച്ചന് ആവശ്യം വന്നപ്പോൾ വേലക്കാരനെ വിട്ട് ഔസേപ്പിനോട് ഒരു തൂമ്പാ ചോദിച്ചു. മറുപടി ഇത് : എന്റെ തൂമ്പാ തരാം. അതുകൊണ്ട് എന്റെ പറമ്പിൽ പണിയണം. ............. വ്യവസ്ഥയില്ലാത്തതാണ് തനിസ്നേഹം. മറ്റൊരാളെ അയാളുടെ യഥാർത്ഥ ആവശ്യത്തിൽ കണ്ട് ഇപ്പോൾ ഇവിടെ ചെയ്യുന്നതാണ് വിശുദ്ധസ്നേഹം.

* * * *

സ്വർഗ്ഗത്തിൽ സ്ത്രീകളാണോ പുരുഷന്മാരാണോ കൂടുതൽ? മിൽട്ടൺ ജോണിന്റെ ഉത്തരമിത്. സ്ത്രീകളാണ് കുറവ്, കാരണം അവിടെ ദിവസവും മുപ്പതു മിനിട്ട് മൗനം പാലിക്കണമെന്നുണ്ട്! ............നീ സ്വർഗ്ഗത്തെപ്പറ്റി പറഞ്ഞ് നേരം കളയാതെ ഇപ്പോൾ ഇവിടെ നീ സ്വർഗ്ഗം അനുഭവിച്ചാലും; ഇവിടെ ദൈവമുണ്ട്, ദൈവമക്കളുണ്ട്, നീയുണ്ട്.



*മറ്റുള്ളവർ നിന്റെ കുറ്റം പറയുന്നുണ്ടോ? അതാരും വിശ്വസിക്കാത്തവിധം ഇന്നു മുതൽ ജീവിച്ചാലും* - Anon

# 2016 - നല്ല മനുഷ്യരാകുക നമ്മൾ - 2016 ൽ

മുൻ രാഷ്ട്രപതി എസ്. രാധാകൃഷ്ണൻ ഇന്ത്യയുടെ അംബാസിഡറായിരുന്നു റഷ്യയിൽ (1948-52) അദ്ദേഹം മടങ്ങുന്നതിനുമുമ്പ്, റഷ്യൻ പ്രസിഡന്റ് സ്റ്റാലിനെ കണ്ടപ്പോൾ, സ്റ്റാലിൻ അവസാനം പറഞ്ഞത് ഇതാണ്: താങ്കളാണ് എന്നെ ഒരു മനുഷ്യനായി കരുതിയ ആദ്യ വ്യക്തി. മറ്റുള്ളവരൊക്കെ എന്നെ ഒരു ഭയങ്കര സത്വമായിട്ടാണ് കണ്ടത്!



ഉരുക്കുമനുഷ്യൻ എന്നറിയപ്പെട്ടിരുന്ന സ്റ്റാലിനെ മെരുക്കിയ സ്വഭാവവിശേഷമാണ് രാധാകൃഷ്ണന്റെ മാനവീകത. ഇതിൽ മനുഷ്യരെല്ലാവരും തുല്യർ. ദൈവത്തിന്റെ മനുഷ്യാവതരണത്തോടെ നമ്മൾ ദൈവജനവുമായി. ദൈവജനം തുല്യർ എന്ന് വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിച്ചതാണ്.



നീ ഒരാളോട് ക്ഷമിക്കുമ്പോൾ ഒരു ജയിൽപുള്ളിക്ക് വിടുതൽ കൊടുക്കുകയാണ്, നീയാണ് ജയിൽപുള്ളി - Anon

പാപമൊഴികെ എല്ലാകാര്യങ്ങളിലും ഈശോ മനുഷ്യതുല്യ തയിലാണ് ജീവിച്ചത്, ജോലിയിൽ, വേഷത്തിൽ, ഭക്ഷണത്തിൽ, ഭാഷയിൽ. അന്ന് നിലവിലിരുന്ന അതുല്യതയ്ക്കെതിരായി ഈശോ കടുത്തഭാഷയിൽ മുന്നറിയിപ്പ് നൽകിയതാണ് (മത്തായി 23:1–12). എന്നാൽ തുല്യരായ ദൈവജനങ്ങളുടെ ഇടയിൽ അഹങ്കാരത്തിന്റെ പേരുകളും പെരുമാറ്റങ്ങളും ഇന്നുമുണ്ട്. "നീണ്ട മേലങ്കികൾ ധരിച്ചു നടക്കാനും അഭിവാദനം സ്വീകരിക്കാനും മുഖ്യസ്ഥാനങ്ങളും വിരുന്നുകളിൽ അഗ്രാസനങ്ങളും ലഭിക്കാനും... (മർക്കോസ് 12:39–40). തത്രപ്പെടുന്നവർ ഇന്ന് ധാരാളം. "നിങ്ങൾ റബ്ബീ എന്ന് വിളിക്കപ്പെടരുത്, എല്ലാവരും സഹോദരീസഹോദരന്മാരാണ് എന്ന് യേശു എടുത്തുപറഞ്ഞിട്ടും റബ്ബിക്കു പകരും "റവറന്റും" പിന്നെ പല വക ലിപികളും പേരിന്റെ മുമ്പിലും പിന്നിലും പ്രസിദ്ധീകരിക്കുന്ന വർ വളരെ; അതുപോലെ അന്യരെ ആകർഷിക്കാൻ വേഷഭൂഷാദികളും!

ഈ അഹന്തയുടെ അതുല്യതയുടെ പോക്കിനെ തടയാൻ ദൈവം അയച്ച പ്രവാചകനാണ് റോമിലെ ഫ്രാൻസിസ്. അദ്ദേഹം പാപ്പാ ആയതുമുതൽ പറയുന്നതും പ്രവൃത്തിക്കുന്നതും സുവിശേഷത്തിലെ യേശുകല്പനയാണ്; നിങ്ങൾ സഹോദരർ, നിങ്ങൾ ശുശ്രൂഷികൾ (മത്തായി 23:12).

ദൈവശാസ്ത്രജ്ഞൻ, പ്രൊഫസർ, ഈശോ സഭാംഗം, കാൾറാണരോട് (Carl Rahner) ഒരു പ്രത്യേക ലേഖകൻ ചോദിച്ചു: അങ്ങ് എങ്ങനെയാണ് സ്വയം വിലയിരുത്തുക? മറുപടി ഇതായിരുന്നു: ഞാൻ ആദ്യം വെറും മനുഷ്യൻ, പിന്നെ മാത്രം സന്യാസി, വൈദികൻ, പ്രൊഫസർ. എന്റെ മനുഷ്യത്വമാണ് സർവപ്രധാനം. പാളയംകോട്ടേ ഈശോസഭക്കാർ നടത്തിയ സെന്റ് സേവിയർ കോളേജിലെ പ്രൊഫസറായിരുന്നു പീറ്റർ റെഢി. വി. ഫ്രാൻസി



വരവും ചെലവും. ഇവർ നിന്റെ സേവകരാണോ അതോ അവരുടെ അടിമയാണോ നീ? – Anon

സിന്റെ ജീവചരിത്രം വായിച്ച് മാനസാന്തരപ്പെട്ട ഈ മുൻഹിന്ദു കത്തോലിക്കാവിശ്വാസം സ്വീകരിച്ച് അവധിക്കാലങ്ങളിൽ ഒരു ഭിക്ഷു വായി തമിഴ്നാട്ടിലും കേരളത്തിലും സഞ്ചരിച്ചിരുന്നു. യാത്രയിൽ സുവിശേഷം പ്രസംഗിക്കാനും ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ വയറു വേദന വന്ന് അവിടെ കണ്ട കത്തോലിക്ക ഡിസ്പെൻസറി വരാന്ത യിൽ നേരത്തേ ചെന്നിരുന്നു. സമയമായപ്പോൾ വാതിൽ തുറന്ന സിസ്റ്റർ നല്ല വേഷത്തിൽ വന്നവരെ അകത്തു കയറ്റി. ഉച്ചയായിട്ടും ഈയാളെ വിളിച്ചില്ല, അവിടെ കിടന്ന ഒരു ഇംഗ്ലീഷ് പത്രം എടുത്തു വായിച്ചുകൊണ്ടിരിക്കെ ഡോക്ടർ ഭക്ഷണത്തിനായി ഡിസ്പെൻസറി വിട്ടു വന്നു. ധർമ്മക്കാരൻ ഇംഗ്ലീഷ്പത്രം വായി ക്കുന്നതിൽ കൗതുകം തോന്നി ഡോക്ടർ ചോദിച്ചു പേരുവിവരം. അപ്പോൾ മനസ്സിലായി അന്ന് പള്ളി മൈതാനത്ത് പ്രസംഗിക്കാ നുള്ള പ്രൊഫസർ പീറ്റർ റെഡ്ഢി M.A.L.T. യാണ് ഈ ഭിക്ഷു! ഉടനെ ഡോക്ടർ അയാളെ ഉള്ളിൽ കൊണ്ടുപോയി കസേര കൊടുത്തു ഇരിക്കാൻ. ഇരിക്കാതെ അദ്ദേഹം പറഞ്ഞു: ഡോക്ടർ, സിസ്റ്റർ, നിങ്ങൾ എന്നെ സ്വീകരിച്ചത് എന്റെ M.A. ഡിഗ്രി കണ്ടാണ്! എനിക്ക് അതിനേക്കാൾ വലിയ ഒരു ഡിഗ്രിയുണ്ട്: M.A.N.


സ്വർഗ്ഗം വിട്ട് ഈ മനുഷ്യത്വം സ്വീകരിച്ച് മനുഷ്യരിൽ മനു ഷ്യനായി നമ്മുടെ മനുഷ്യത്വത്തിന് സ്വജീവൻ നൽകിയ യേശു വിന്റെ ഹൃദയശാന്തതയിലും വിനയത്തിലും സർവോപരി അവി ടുത്തെ കരുണാർദ്രശുശ്രൂഷയിലും നമുക്ക് പുതുവർഷം ക്രിസ്താ നുകരണമാക്കാം.



നീ ചെയ്യുന്നവ എനിക്കു ചെയ്യാനാവില്ല, ഞാൻ ചെയ്യുന്നവ നിനക്ക് ചെയ്യാനാവില്ല. എന്നാൽ നമ്മൾ ഒത്തൊരുമിച്ചു ചെയ്താൽ ഒത്തിരി ചെയ്യാനാവും ദൈവത്തിനായി.

***–മദർ തെരേസാ***

# 50 വർഷം കുമ്പസാരവേദിയിൽ....



.......... ഇരുന്ന് അനേകർക്ക് പാപമോചനവും വിശുദ്ധീകരണവും നൽകിയ വന്ദ്യ വൈദികനായിരുന്നു ജേക്കബ് കുരിശിങ്കൽ (1935–2015) എന്ന ക്യാപുചിൻ. അദ്ദേഹത്തിന്റെ ചരമവാർത്ത അറിഞ്ഞ് പ്രാർത്ഥിച്ചവരും അന്ത്യോപചാരങ്ങളിൽ പങ്കുകൊണ്ടവരും നിരവധിയാണ്.

മുട്ടുചിറയിൽ കരിശുങ്കൽ കുടുംബത്തിൽ ജനനം. 28 മാർച്ച് 1935. എബ്രാഹവും റോസമ്മയും മാതാപിതാക്കൾ. ഈ വർഷത്തിലാണ് മുട്ടുചിറയിൽ കൗമാരക്കാലം ചെലവഴിച്ച വി. അൽഫോൻസാ, ഭരണങ്ങാനത്തെ ക്ലാരമഠത്തിൽ ചേരുന്നത്. 1959 ൽ ക്യാപുചിൻ സഭയിൽ ചേർന്ന ജേക്കബ് 1965 ൽ വൈദികനായി, എത്രയോ തവണ വി. അൽഫോൻസായുടെ കബറിടം പള്ളിയിലും മഠം കപ്പേളയിലും വിശുദ്ധകർമ്മങ്ങൾക്കായി അദ്ദേഹം ക്ഷണിക്കപ്പെട്ടിരുന്നു! ഈ ഭാഗ്യവൈദികൻ ഇൻഡ്യയിലെ വിവിധ ആശ്രമങ്ങളിൽ അംഗമായിരുന്നിട്ടുണ്ട്. അവിടെയെല്ലാം പ്രധാനസേവനം കുമ്പസാരവേദിയിലായിരുന്നു.

ക്യാപുചിൻ സഭയിലെ തിളക്കമാർന്ന രണ്ടു വിശുദ്ധരാണ് വി. ലിയോ പോൾദും വി. പാദ്രെപിയോയും, കുമ്പസാരവേദിയായിരുന്നു അവരുടെ വൈദികസമർപ്പണം. കുമ്പസാരവേദിയിൽ അനുതാപികളെ വിശുദ്ധീകരിച്ചും, സന്ദർശനമുറിയിൽ ഉപദേശം തേടി വരുന്നവർക്ക് കൗൺസലിംഗ് നൽകിയും ജേക്കബച്ചൻ സേവനനിരതനായിരുന്നു.

സമയം കിട്ടുമ്പോൾ വായനയും പഠനവും അദ്ദേഹം നടത്തിയതിന്റെ ഫലമായി വിലപ്പെട്ട ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. സഭാചരിത്രം, ആരാധനാക്രമം, ഇവയിൽ അഗാധഗവേഷണം നടത്തിയതിന്റെ ഫലമായിരുന്നു ഗ്രന്ഥങ്ങൾ. അവയുടെ പ്രാധാന്യം അറിയാൻ ഓരോ ഗ്രന്ഥത്തിന്റേയും അവതാരിക വായിച്ചാൽ മതി, അവതാരിക ഒരു കർദ്ദിനാളിന്റേയോ മെത്രാന്റെയോ ആയിരിക്കും.

അദ്ദേഹത്തിന്റെ പൗരോഹിത്യ ജൂബിലി വർഷത്തിൽ ക്യാൻസർ രോഗം പിടിപെട്ടു. "ഇത് ദൈവദാനമാണ്" എന്നാണ് അദ്ദേഹം പറഞ്ഞത്. 2015 ഓഗസ്റ്റ് 21 മദ്ധ്യാഹ്നത്തോടെ അദ്ദേഹം സ്വർഗ്ഗപ്രാപ്തനായി. അന്ത്യം ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ, കബറടക്കം ഭരണങ്ങാനം അസീസി ആശ്രമസിമിത്തേരിയിൽ ഓഗസ്റ്റ് 23 വൈകുന്നേരം. ദിവ്യബലി അർപ്പിച്ച് പ്രസംഗിച്ചതും കബിറടക്കശുശ്രൂഷ നയിച്ചതും ജേക്കബച്ചനോട് ചെറുപ്പം മുതലേ ബഹുമാനമുണ്ടായിരുന്ന മുട്ടുചിറ മുരിക്കൻ കുടുംബാംഗമായ പാലാ മെത്രാൻ ജേക്കബ് മുരിക്കൻ ആയിരുന്നു. ജീവിതത്തിൽ അദ്ദേഹത്തോടുകടപ്പെട്ട മറ്റ് അനേകരാണ് അന്ന് സന്നിഹിതരായിരുന്നത്.



## സ്വാഗതം

ഞാൻ സ്കൂളിൽ പോകയാണ്. ക്യാപുചിൻ മിഷണറിമാർ തുടങ്ങിയതാണ് സ്കൂൾ. അവർ കേരളത്തിൽനിന്നു വന്നവരാണ്..." ആഫ്രിക്കൻ ഗ്രാമങ്ങളിൽ പോയി പ്രേഷിതവേല ചെയ്യുന്നവരെ പരിചയപ്പെടാനും സംഭാവന നൽകാനും ബന്ധപ്പെടുക.

ഫോൺ. 9846289478,
georgeantony12@hotmail.com

# വളർത്തും വാക്കുകൾ



പുതുവർഷത്തിൽ പൗലോസ് ശ്ലീഹായുടെ പുലർത്തും വാക്കുകൾ നമുക്ക് സ്വന്തമാക്കാം: കേൾവിക്കാർക്ക് ആത്മീയ ചൈതന്യം പ്രദാനം ചെയ്യുന്നതിനായി അവരെ വളർത്തുന്ന നല്ല കാര്യങ്ങൾ സംസാരിക്കുവിൻ (എഫേ. 4:29). അങ്ങനെ ഒരു വിദ്യാർത്ഥിയോടു പറഞ്ഞയാളാണ് സി. മേരി ജോൺ തോട്ടം എന്ന കന്യാസ്ത്രീ. "എന്റെ മലയാളം അദ്ധ്യാപികയായിരുന്ന സിസ്റ്റർ. ആദ്യമായി എന്റെ കവിത വായിച്ചുനോക്കിയ അമ്മ എന്റെ നെറുകയിൽ കൈകൾവച്ച് അനുഗ്രഹിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: കവിത നന്നായിട്ടുണ്ട്. ഒരുപാട് എഴുതണം. നന്നായി പഠിക്കണം. വലിയ ആളാകും. പരിശുദ്ധമായ ആ കരങ്ങളുടെ ചൂട് ഇപ്പോഴും എന്റെ നെറുകയിൽ നിന്നു പോയിട്ടില്ല"

മലയാളസാഹിത്യരംഗത്ത് ഇന്ന് തിളങ്ങുന്ന, കേരളസാഹിത്യ അക്കാദമിയുടെ ഇന്നത്തെ ചെയർമാൻകൂടിയായ പെരുമ്പടം ശ്രീധർനായരുടെ വാക്കുകളാണിവ. ഒരു ലേഖനത്തിൽ അദ്ദേഹം സ്വന്തം അനുഭവം വെളിപ്പെടുത്തുന്നു. "ബൈബിൾ ഞാൻ എന്നും വായിക്കുന്നു. എനിക്ക് അത് മനുഷ്യാനുഭവങ്ങളുടെ പെരുംകടലാണ്... ഫ്രഞ്ച് ശാസ്ത്രജ്ഞനും ദൈവശാസ്ത്രജ്ഞനുമായിരുന്ന ഫാ. തെയാർദ് ഷാർദ്ദാന്റെ ക്രിസ്തു ഒമേഗാ പോയിന്റാണെന്ന ആശയത്തിലേപോലെ ഞാനും പറയുന്നു, എല്ലാ സൃഷ്ടികളും ക്രിസ്തുവിലേക്ക് സഞ്ചരിച്ചേ പറ്റൂ"

സിസ്റ്റർ മേരി ജോൺ തോട്ടത്തിന്റെ വളർത്തും വാക്കുകൾ ഒരു വ്യക്തിയെ വളർത്തിയുയർത്തിയ വിധമാണ് നമ്മൾ വായിച്ചത്. ഇക്കൊല്ലം നാം കണ്ടുമുട്ടുന്ന എല്ലാവരും വളരുന്ന വിധമാക്കട്ടെ നമ്മുടെ സമീപനവും സംഭാഷണവും. ആദ്യം അവരിൽ യേശുവിനെ കാണുമ്പോൾ അങ്ങനെതന്നെ സംഭവിക്കും. "നിങ്ങൾ അവരോട് ചെയ്തപ്പോഴെല്ലാം എന്നോടു ചെയ്തു" Jesus.

# കൊടുക്കാം നമ്മുടെ മക്കളെ



കൊടുക്കാം നമ്മുടെ മക്കളെ ദൈവത്തിന് – ഇതായിരുന്നു ഏലീശാ വോണിന്റെ പ്രാർത്ഥനയും പ്രോത്സാഹനവും. ഇംഗ്ളണ്ടിൽ പ്രോട്ടസ്റ്റന്റ് മാതാപിതാക്കളിൽനിന്നു ജനിച്ച ഏലീശായുടെ വിദ്യാഭ്യാസം ഫ്രാൻസിലായിരുന്നു. അവിടെ പാവങ്ങൾക്കുവേണ്ടി സേവനം നടത്തിയിരുന്ന കത്തോലിക്കാ സ്ഥാപനങ്ങളുമായി അവൾ പരിചയത്തിലായി. അവൾ കത്തോലിക്കാസഭയെപ്പറ്റി കൂടുതൽ പഠിച്ചു. ഇംഗ്ലണ്ടിൽ കേണൽ ജോൺ ഫ്രാൻസിസ് വോണുമായി വിവാഹിതയായി, പിന്നീട് കത്തോലിക്കാ സഭാംഗമായി. ഇംഗ്ലണ്ടിൽ കത്തോലിക്കർക്ക് എതിരെ മതപീഡനമുണ്ടായപ്പോൾ പ്രഭ്വികളായ ഈ ധനികദമ്പതികൾ പല വൈദികർക്കും അഭയം കൊടുത്തു.

നമ്മുടെ മക്കളെ ദൈവത്തിനു കൊടുക്കാമെന്ന തീവ്രആഗ്രഹത്തോടെ ഈ ദമ്പതികൾ തങ്ങളുടെ മക്കളെ നല്ല ക്രിസ്തീയ അരൂപിയിൽ വളർത്തി. ദിവസവും ഒരു മണിക്കൂർ അവൾ ആരാധന നടത്തിയിരുന്നു. മക്കൾ പത്തുപേരിൽ ആറ് വൈദികർ 4 കന്യാസ്ത്രീകൾ, മക്കളിൽ ഒരാൾ കർദ്ദിനാളായി, മറ്റൊരാൾ സന്യാസസഭാജനറാളായി. എല്ലാവരും യൂറോപിയൻ സഭയ്ക്ക് വിശിഷ്ട സേവനങ്ങൾ നൽകിയവരാണ്. 1853 ൽ നിര്യാതയായ ഏലീഷായുടെ വീട് ഒരു ദൈവാലയമായി, മാതാവിന്റെ Our Lady of Vocations എന്ന പേരിൽ പ്രതിഷ്ഠിക്കപ്പെട്ടു. ഇന്ന് ഇവിടം ഒരു തീർത്ഥാടന കേന്ദ്രം കൂടിയാണ്.

ഇത്രയും വായിച്ച മലയാളിമാതാപിതാക്കൾക്ക് മക്കളെ ദൈവത്തിനു കൊടുക്കുവാൻ വി. ഫ്രാൻസിസ് അസീസിയുടെ വഴിയെ ആഗ്രഹിക്കുന്നെങ്കിൽ പ്രാർത്ഥിച്ച് ബന്ധപ്പെടുക.

Mob: 9447288870

# ഇവരെ മറക്കരുതേ, ഈ ക്രിസ്തുസിന്



മഠത്തിൽ ചേർന്നതുമുതൽ മരണംവരെ ആവൃതിക്കുള്ളിൽ ദിവ്യകാരുണ്യ ആരാധന, തിരുസഭയുടെ യാമപ്രാർത്ഥനകൾ, മഠം ജോലികൾ ഇങ്ങനെ സമർപ്പിതരായ പുണ്യകന്യകകളെ പരിചയപ്പെടുത്തുകയാണ്. നന്ദി എഡിറ്റർക്ക് കഴിഞ്ഞ സെപ്റ്റംബർ 1 മുതൽ 7 വരെ ഹൈദ്രാബാദ് പ്രാന്തപ്രദേശത്തുള്ള അവരുടെ മഠത്തിൽ ധ്യാനിപ്പിക്കുവാൻ ഭാഗ്യമുണ്ടായി. അവരുടെ വരുമാനം പൂജാവസ്ത്രങ്ങൾ, ഓസ്തികൾ ഉണ്ടാക്കുകയാണ്. എന്നാൽ രൂപതയിൽ പള്ളികൾ കുറവായതിനാൽ വരുമാനം തീർത്തും കുറവാണ്. ഹൈദ്രാബാദിലുള്ള മദർതെരേസായുടെ സിസ്റ്റർമാർ അലിവാർന്ന് ഇവർക്ക് ചിലപ്പോഴൊക്കെ ഭക്ഷണവകകൾ എത്തിക്കുന്നു.

ഇതു വായിക്കുന്നയാളിന്റെ പാവപ്പെട്ടവർക്കുവേണ്ടിയുള്ള ഫണ്ടിൽനിന്നും ഒരംശം ഈ സഹോദരിമാർക്കായി അയച്ചുകൊടുത്താലും. “കൊടുക്കുമ്പോഴാണ് നമുക്കു ലഭിക്കുന്നത്” വി. ഫ്രാൻസിസ് പറയുന്നു. ഈ പുണ്യവാന്റെ അനുയായികളാണ് ഇവർ. “സന്തോഷത്തോടെ കൊടുക്കുന്നയാളിനെ ദൈവം ഇഷ്ടപ്പെടുന്നു” വി. പൗലോസിന്റെ ഉറപ്പാണിത്. വി. ക്ലാര സ്ഥാപിച്ച Cloistered സഭാംഗങ്ങളാണിവർ” യേശുവിന്റെ ഈ ആഹ്വാനം ഈ കരുണാവർഷത്തിൽ ഏറ്റെടുത്ത് ഈ വന്ദ്യസഹോദരികളെ കനിവാർന്ന് സഹായിച്ചാലും. ഫോൺ Mother Abbess : 08413 - 224239, 09440376922

ബാങ്കു വിവരം

State Bank of Hyderabad, Branch - Shamshabad
A/C - 52097707725
Holder Name - Poor Clare Colettines, St. Colette Monastery, Shamshabad,
I.F.S.C. Code - SBHY 0020802

---

*നിങ്ങളുടെ പേരുകൾ തിരുസന്നിധിയിൽ വച്ച് നിങ്ങളുടെ നിയോഗാർത്ഥം അവർ പ്രാർത്ഥിക്കുന്നു. - എഡിറ്റർ*

# കാഴ്ച - ഉൾകാഴ്ച

വൈകുന്നേരം പതിവുപോലെ മുരളീധർ ജോലിസ്ഥലം വിട്ട് സ്വന്തം വീട്ടിലേക്ക് മടങ്ങുകയായിരുന്നു. അതാ വഴിയരുകിൽ ഒരു കുഷ്ഠരോഗി ഇരിക്കുന്നു. അയാളുടെ അറ്റുപോയ കൈപത്തികളും ഒട്ടിയ വയറും കണ്ട്, വീണ്ടും നോക്കാതെ അയാൾ അതിവേഗം വീട്ടിലെത്തി. ജീവിതപങ്കാളി സാധനയോട് ആദ്യം പറയാനുണ്ടായത് വഴിയിൽ കണ്ട കാഴ്ച. നമ്മുടെ സഹജീവികൾ ഇങ്ങനെ അലയുമ്പോൾ നമ്മൽ അലച്ചിലറിയാതെ ഇവിടെ സുഖിക്കുന്നത് ശരിയോ? സാധനക്കും അയാളുടെ അഭിപ്രായമായിരുന്നു.

നാട്ടിലെ ഉയർന്ന വർഗ്ഗക്കാരും ബ്രാഹ്മണരുമായ അവരുടെ തീരുമാനം അറിഞ്ഞപ്പോൾ മാതാപിതാക്കൾ അവർക്ക് ഭ്രഷ്ടു കല്പിച്ച് കുടുംബസ്വത്തിന്റെ അവകാശവും നിഷേധിച്ചു. ഉള്ളതെല്ലാം വിറ്റ് ഈ ദമ്പതികൾ ഒരു തരിശു ഭൂമി വാങ്ങി കുടിൽ കെട്ടി കുഷ്ഠരോഗികളെ പരിചരിക്കാൻ തുടങ്ങി. കുഷ്ഠരോഗത്തെപ്പറ്റി പഠിക്കാനും ചികിത്സ പരിശീലിക്കാനും അവർ സമയമെടുത്തു. ആയിരങ്ങളാണ് അവിടെ അഭയം തേടിയത്. അവർക്കായി സ്കൂളുകൾ, ആശുപത്രികൾ, തൊഴിൽകേന്ദ്രങ്ങൾ മുതലായവ ഉയർന്നുവന്നു. ഈ നിസ്വാർത്ഥസേവനങ്ങൾ അറിഞ്ഞ് നാട്ടിൽനിന്നും മറുനാട്ടിൽനിന്നും അവർക്ക് സഹായസഹകരണങ്ങൾ ഉണ്ടായി.



## ഒരു കുടുംബാംഗംകൂടി

അനുദിനം നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ, ദിവ്യബലി അർപ്പിക്കുവാൻ ഒരു ക്യാപുചിൻ വൈദികനെ ആവശ്യമെങ്കിൽ ഒരു വൈദിക വിദ്യാർത്ഥിയുടെ പഠനച്ചെലവ് ഏറ്റെടുത്താലും. അദ്ദേഹം വഴികാട്ടിയും അത്താണിയുമായി നിങ്ങൾക്ക് അനുഭവപ്പെടട്ടെ. ഫോൺ : 09446196520, 09495446308

ഇതെല്ലാം ഉണ്ടായത് ഒരാളുടെ കാഴ്ചയിലും ഉൾകാഴ്ചയിലുമാണ്; ബാബാ ആം തെ എന്നറിയപ്പെടുന്ന മുരളീധരൻ. അദ്ദേഹത്തിന്റെ ഉൾകാഴ്ച അനേകരുടെ കണ്ണു തുറപ്പിച്ചു. ഫലമോ അനേകരുടെ ദയാദൃഷ്ടികൾ, സഹായത്തിനെത്തിയ കരങ്ങൾ, ആയിരങ്ങളുടെ കുഷ്ഠരോഗനിവാരണവും ഉത്കർഷവും.

അദ്ദേഹം ഉണ്ടാക്കി താമസിച്ച ആദ്യ കുടിലിന്റെ മുമ്പിൽ എഴുതിവച്ചിരുന്നത് ഈ വാക്യങ്ങൾ : ഞാൻ എന്റെ ആത്മാവിനെ തേടി; കണ്ടില്ല. എന്റെ ദൈവത്തെ തേടി; കണ്ടില്ല. എന്റെ സഹോദരരെ തേടി; ഞാൻ എല്ലാം കണ്ടു. 'Karunecha Kalam എന്ന പ്രസിദ്ധീകരണത്തിൽ അദ്ദേഹം എഴുതി: വ്രണമുള്ള, ദുർഗന്ധമുള്ള ഒരു കുഷ്ഠരോഗിയെ ഞാൻ കാണുമ്പോൾ, യേശുവിന്റെ ചുംബനപ്പാടാണ് ഞാൻ അയാളുടെ നെറ്റിയിൽ തെളിഞ്ഞുകാണുക... യേശുവാണ് കുത്തഴിഞ്ഞ എന്റെ ജീവിതത്തിൽ പ്രകാശം പരത്തി ഞാൻ സ്വപ്നം കാണാത്ത ഈ ഉയർച്ചയിൽ എത്തിച്ചത്... ഒരു നേതാവാകാനല്ല എന്റെ മോഹം. സേവനത്തിന്റെ എണ്ണവിളക്കുമേന്തി ഇപ്പോൾ ഇവിടെ സഹായിക്കുന്ന മെക്കാനിക്കു മാത്രം ഞാൻ.

നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ച ബാബാ ആം തെയ്ക്കും അദ്ദേഹം അനുഭവിച്ച യേശുക്രിസ്തുവിനും നമുക്ക് നൽകാവുന്ന കാഴ്വയ്പ് ഇതാവട്ടെ. യോഹ. 15: ഇതാണ് എന്റെ കല്പന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം.

നീ കണ്ടു, കണ്ണടച്ചു,
നീ സ്വാർത്ഥ മതി.
നീ കണ്ടു കുറ്റം പറഞ്ഞു,
നീ അതിക്രമി.
നീ കണ്ടു, വാർത്തയാക്കി
നീ വായാടി.
നീ കണ്ടു, കരുണ കാട്ടി
നീ ക്രിസ്ത്യാനി
നീ കാണപ്പെട്ട ഈശോ



# വന്നയാൾ



- ⇨ ഈ സമയത്തെ ആഗത/ൻ നിന്റെ സർവശ്രദ്ധയും സ്നേഹാദരവും അർഹിക്കുന്നയാളാണ്.
- ⇨ ഇപ്പോൾ ഇവിടെ സർവപ്രധാന വ്യക്തി നിനക്ക്.
- ⇨ വന്നയാൾ നിന്നെ ആശ്രയിച്ചല്ല നില്ക്കുന്നത്, നീ ഈ വ്യക്തിയെ ആശ്രയിച്ചാണിരിക്കുന്നത്.
- ⇨ വന്നയാൾ നിന്റെ ജോലിക്ക് തടസ്സമല്ല, നിന്റെ ജോലി ഈ വ്യക്തിക്കുവേണ്ടികൂടിയാണ്.
- ⇨ ആഗത/ൻ നിന്റെ പ്രവൃത്തിരംഗത്തിന് പുറത്തുള്ളയാളല്ല; നിന്റെ കടമനിർവഹണത്തിൽ ഉൾപ്പെട്ടയാളാണ്.
- ⇨ വന്നയാൾ നിന്റെ കരുണ തേടി വന്നതല്ല, നീ കരുണ നൽകാൻ ദൈവം അയച്ചയാളാണ്.
- ⇨ ദുഷ്ടലാക്കോടെ വന്നയാളെങ്കിൽ അതുടൻ തിരിച്ചറിയാനും "മാടപ്രാവിന്റെ സൗമ്യതയിലും പാമ്പിന്റെ വിവേകത്തിലും (മത്താ. 10:16) പെരുമാറാനും നിനക്കാകും.
- ⇨ നിന്റെ എല്ലാ വ്യക്തിബന്ധങ്ങളിലും എവിടെയും എപ്പോഴും ഉണ്ടായിരിക്കട്ടെ; കരുണ, ദയ, അനുകമ്പ, കൃപ, അലിവ്, ആർദ്രത, സഹതാപം, മനസ്സലിവ്, സഹാനുഭൂതി, സൗമ്യത, ഔദാര്യം, പ്രസന്നത, അനുഗ്രഹം, സൗഭാഗ്യം, അൻപ്.

# നമുക്കു പ്രാർത്ഥിക്കാം

പരമപരിശുദ്ധനായ *ഞങ്ങളുടെ പിതാവേ* (മത്താ.6:9), ഞങ്ങളുടെ സ്രഷ്ടാവേ, രക്ഷകാ, ആശ്വാസദായകാ, പരിത്രാണകനേ;

*സ്വർഗ്ഗസ്ഥനായവനേ* (മത്താ.6:9), മാലാഖമാരെയും വിശുദ്ധരെയും അറിവുള്ളവരാക്കാൻ അവർക്ക് അങ്ങ് ബോധജ്ഞാനമരുളുന്നു, എന്തെന്നാൽ കർത്താവേ, അങ്ങ് *പ്രകാശമാണ്* (1 യോഹ.1:6), സ്നേഹിക്കാൻ അവരെ അങ്ങ് ജ്വലിപ്പിക്കുന്നു, എന്തെന്നാൽ കർത്താവേ, അങ്ങ് സ്നേഹമാകുന്നു. അവരെ ആഹ്ലാദഭരിതരാക്കുവാൻ അങ്ങ് അവരിൽ വസിക്കുന്നു, എന്തെന്നാൽ കർത്താവേ, അങ്ങ് പരമനന്മയും നിത്യനന്മയും ആകുന്നു. എല്ലാ നന്മയും അങ്ങിൽനിന്ന് വരുന്നു, അങ്ങയെ കൂടാതെ യാതൊരു നന്മയും ഇല്ല.

*അങ്ങയുടെ നാമം പൂജിതമാകണേ* (മത്താ.6:9), അങ്ങയെപ്പറ്റിയുള്ള ഞങ്ങളുടെ അറിവ് ഞങ്ങളിൽ കൂടുതൽ വ്യക്തമാകട്ടെ, അങ്ങനെ അങ്ങയുടെ കൃപയുടെ *വീതിയും,* അങ്ങയുടെ വാഗ്ദാനങ്ങളുടെ *നീളവും,* അങ്ങയുടെ മഹിമപ്രതാപത്തിന്റെ *ഉയരവും,* അങ്ങയുടെ വിധിതീർപ്പുകളുടെ *ആഴവും* ഞങ്ങൾ ഗ്രഹിക്കട്ടെ (എഫേ.3:18).

*അങ്ങയുടെ രാജ്യം വരണമേ* (മത്താ.6:10); അതുവഴി അങ്ങേ കൃപയാൽ അങ്ങുന്ന് ഞങ്ങളിൽ ഭരണം നടത്തുവാനും, അങ്ങേ രാജ്യത്തു പ്രവേശിക്കുവാൻ (ലൂക്ക.23:42) ഞങ്ങളെ പ്രാപ്തരാക്കുകയും ചെയ്യട്ടെ; അവിടെയാണ് അങ്ങയുടെ വ്യക്തമായ ദർശനവും, അങ്ങയുടെ പൂർണ്ണമായ സ്നേഹവും അങ്ങയുടെ പരിശുദ്ധമായ സൗഹൃദവും അങ്ങയുടെ അനന്തമായ ആനന്ദവും ഞങ്ങൾക്കു ലഭിക്കുക.

*അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ* (മത്താ.6:10); *പൂർണ്ണഹൃദയത്തോടെ* (നിയമാ.6:5) അങ്ങയെ നിരന്തരം ധ്യാനിച്ചും, *പൂർണാത്മാവോടെ* നിരന്തരം അങ്ങയെ അഭിലഷിച്ചും, *പൂർണ ശക്തിയോടുകൂടെ* ഞങ്ങളുടെ നിയോഗങ്ങളെല്ലാം അങ്ങിലേയ്ക്കുയർത്തിയും, അങ്ങയെ സ്നേഹിക്കുവാൻ ഞങ്ങൾക്കു കഴിയട്ടെ. ഞങ്ങളുടെ സർവ്വശക്തിയാലും ശരീരത്തിന്റെയും ആത്മാവിന്റെയും കഴിവുകളെല്ലാം വ്യയം ചെയ്തും എല്ലാറ്റിലും അങ്ങയുടെ മഹത്വം തേടിയും, മറ്റ് യാതൊന്നിനുംവേണ്ടിയല്ലാതെ അങ്ങയുടെ സ്നേഹത്തിനുവേണ്ടിയുള്ള ശുശ്രൂഷയാൽ മാത്രം, (അങ്ങയെ സ്നേഹിക്കുവാൻ ഞങ്ങൾക്കു കഴിയട്ടെ).



(വി. ഫ്രാൻസിസിന്റെ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന ജപത്തിന്റെ പരാവർത്തനം ആദ്യഭാഗം)

# ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബത്തിൽ ഒന്നിപ്പുണ്ടാകും

***-Venerable Patrick Peyton***



## വിവാഹിതർ വായിച്ചാലും

- വിവാഹം സ്വർഗത്തിൽനിന്നു നടത്തിത്തരുന്നു, എന്നാലത് ഭൂമിയിൽ ജീവിച്ച് വിജയിപ്പിക്കണം.
- വിവാഹം ക്ഷമയുള്ള രണ്ടുപേരുടെ വിജയമാണ്.
- വിവാഹജീവിതം ത്രികോണജീവിതമാക്കണം; ദൈവം, അവൾ, അയാൾ.
- വിവാഹം 50/50 വിട്ടുകൊടുക്കലല്ല, 100 ശതമാനം വിട്ടുകൊടുക്കലാണ്.
- വിവാഹിതർ തങ്ങളുടെ പങ്കാളിയുടെ ദുർഗുണങ്ങൾ മണലിൽ എഴുതണം, ഗുണഗണങ്ങൾ ഹൃദയത്തിലും.
- വിവാഹവിജയം നല്ല പങ്കാളിയെ കിട്ടുന്നതിലല്ല, നല്ല പങ്കാളിയാകുന്നതിലാണ്.
- വിവാഹത്തന് ഒരു ദിവസം മതി, വിവാഹവിജയത്തിന് ആയുഷ്കാലവും.
- ദൈവം ഒന്നിപ്പിച്ചതിനെ ഭിന്നിപ്പിക്കാതിരിക്കട്ടെ മറ്റുള്ളവർ.
- വിവാഹജീവിതം ഒരു സമർപ്പിതജീവിതമാണ്. പൗരോഹിത്യം, സന്ന്യാസം പോലെ, അവയേക്കാൾ ആദ്യത്തേതും വിശുദ്ധവും.
- വിവാഹിതർ ഭാഗ്യപ്പെട്ടവർ എന്തുകൊണ്ടെന്നാൽ ദൈവമാണ് നിങ്ങളെ ഒന്നിപ്പിച്ചത്.

Marriage is not a matter of money but of divine meaning.

## പുതുവത്സരതീരുമാനങ്ങൾ
## വി. ഫ്രാൻസിസിന്റെ വാക്കുകളിൽ



പരസ്പരം കുറ്റാരോപണവും വാദപ്രതിവാദവും നടത്താരിക്കാൻ (2 തിമോ. 2:14) നമ്മൾ ശ്രദ്ധിക്കണം. ദൈവം കൃപ നൽകുമ്പോഴെല്ലാം നിശ്ശബ്ദത പാലിക്കാൻ നമ്മൾ യത്നിക്കയാണ് വേണ്ടത്. സംഭാഷണത്തിൽ ശണ്ഠ അരുത്, മറിച്ച് ഞാൻ പ്രയോജനമില്ലാത്തയാളാണ് (ലൂക്കാ. 17:10) എന്ന വിയനത്തിൽ മറുപടി നൽകുക. നമ്മൾ കോപിക്കരുത്; കോപിക്കുന്നവർ ന്യായവിധിക്ക് അർഹരാകുമെന്ന് തിരുവചനം (മത്താ. 5:22) നമ്മൾ പരസ്പരം സ്നേഹിക്കുവാനാണ് കടപ്പെട്ടിരിക്കുന്നത്

ഇതാണ് കല്പന: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" (യോഹ. 15:12). "കുഞ്ഞുമക്കളെ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്, പ്രവൃത്തിയിലും സത്യത്തിലുമാണ്" (1 യോഹ. 3:18) എന്ന് അപ്പസ്തോലൻ പറയുന്നതുപോലെ അന്യോന്യമുള്ള നമ്മുടെ സ്നേഹം പ്രവൃത്തിയാൽ പ്രകടമാകട്ടെ (യാക്കോ. 2:18). നമ്മൾ ആരെപ്പറ്റിയും തിന്മ സംസാരിക്കരുത്. (തീത്തോ. 3:2). നമ്മൾ പരദൂഷണം പറയുകയോ ആവലാതിപ്പെടുകയോ അരുത് (റോമ. 1:29–30). നമ്മുടെ പെരുമാറ്റത്തിൽ അടക്കവും സൗമ്യതയും ഉണ്ടായിരിക്കട്ടെ (തീത്തോ 3:2).

(St. Francis' Rule of 1221)

## നവവൈദികർ



Fr. Anish Pulickal



Fr. Jinu Arrancherry



Fr. Justin Ambazhathunkal

